VOL NO: 06 I ISSUE 44
www.nerpatham.com
mail@nerpatham.com
2022 OCTOBER 29 I ₹10

# നേർപഥം

വാരിക

## വിദ്വേഷ പ്രസംഗം: സുപ്രീം കോടതിയുടെ ഇടപെടൽ ആശാവഹം



രോഗങ്ങൾ വിശ്വാസികളെ സംബന്ധിച്ചിടത്തോളം പരീക്ഷണം മാത്രമല്ല അനുഗ്രഹം കൂടിയാണ്. ക്ഷമിക്കാനും സ്രഷ്ടാവിനെ സ്മരിക്കാനുമുള്ള സന്മനസ്സ് കാണിക്കുന്നവർക്ക് നാളേക്കുവേണ്ടിയുള്ള ഈടുവയ്പുകളായി അസുഖവും വേദനയും മാറുമെന്നാണ് പ്രവാചകാധ്യാപനം. രോഗം നൽകുന്നതും ശമനമേകുന്നതും സ്രഷ്ടാവാണ്. രോഗത്തോടുള്ള ഒരു വിശ്വാസിയുടെ സമീപനം എന്തായിരിക്കണം? ചികിത്സ എങ്ങനെയാകണം; എങ്ങനെയായിക്കൂടാ? ഒരു വിശദ പഠനം.

# രോഗം: വിശ്വാസികൾ അറിയേണ്ടത്

|| പ്രവാസിയുടെ പ്രയാസങ്ങൾ

|| പെൺമനസ്സിന്റെ ശാക്തീകരണം

|| ഇതരമതസ്ഥരോടുള്ള സമീപനം: ഇസ്‌ലാമിക ചരിത്രത്തിലെ മഹനീയ മാതൃകകൾ

# പുറത്തിറങ്ങി...





WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0301

നേർപഥം
വാരിക

2022 ഒക്ടോബർ 29
1444 റബീഉൽ ആഖിർ 03
പുസ്തകം 06 / ലക്കം 44




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




**05**
മുഖമൊഴി
വിദ്വേഷ പ്രസംഗം:
സുപ്രീം കോടതിയുടെ
ഇടപെടൽ ആശാവഹം

**06**
പാരൻറിംഗ്
പെൺമനസ്സിന്റെ
ശാക്തീകരണം
അശ്റഫ് എകരൂൽ

**18**
ലേഖനം
ഇതരമതസ്ഥരോടുള്ള
സമീപനം:
ഇസ്‌ലാമിക ചരിത്രത്തിലെ
മഹനീയ മാതൃകകൾ
ഡോ. ടി. കെ യൂസുഫ്

**22**
ക്വുർആൻ ദർശനം
അസ്സുഖ്റുഫ്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

**26**
നിയമപഥം
നമ്മുടെ രാജ്യത്തെ
കോടതികൾ
അബൂആദം അയ്മൻ

**29**
ആരോഗ്യപഥം
വ്യവഹാര പ്രശ്നങ്ങൾ
ഡോ. മുനവ്വർ

**32**
അനുഭവക്കുറിപ്പ്
പ്രവാസിയുടെ
പ്രയാസങ്ങൾ
ദസ്തഗീർ ടി.കെ
പാലക്കാഴി

**34**
കാഴ്ച
ലഹരി; വേണം
വേരറുക്കുന്ന ഇടപെടൽ
ടി.കെ അശ്റഫ്

# കുട്ടികളിലെ പഠന വൈകല്യം എങ്ങനെ പരിഹരിക്കാം?

'നേർപഥം' ലക്കം 300ൽ വന്ന അശ്റഫ് എകരൂലിന്റെ 'കുട്ടികളുടെ മാനസിക വളർച്ച' എന്ന ലേഖനം ഓരോ രക്ഷിതാവും വായിക്കേണ്ടതാണ്. അവരുടെ മാനസിക വളർച്ച എത്രകണ്ട് നല്ലനിലയിലാകുന്നുവോ അത്രകണ്ട് പഠനമേഖലയിൽ മുന്നേറുവാൻ അവർക്ക് സാധ്യമാകും.

അധ്യാപകരെയും രക്ഷിതാക്കളെയും വളരെയധികം അലട്ടിക്കൊണ്ടിരിക്കുന്ന കാര്യമാണ് കുട്ടികളുടെ പഠനത്തിലുള്ള താൽപര്യക്കുറവ്. ഇതിന് ഒരു പരിഹാരം അനിവാര്യമാണ്. കോവിഡിന് ശേഷം കുട്ടികളിൽ നല്ലൊരു വിഭാഗം മൊബൈൽ ഫോണിനടിമപ്പെട്ടിരിക്കുന്നു. ഇത് മറച്ചുവച്ചിട്ട് യാതൊരു കാര്യവുമില്ല. രോഗമറിഞ്ഞ് ചികിത്സിക്കുന്നതാണ് ഫലപ്രദം. ഗെയിമുകളും യു ട്യൂബ് ചാനലുകളും ഇല്ലാത്ത ലോകം അവർക്ക് ചിന്തിക്കാൻ പറ്റാത്തതായിരിക്കുന്നു. പഠനത്തെക്കാൾ അവരുടെ ചിന്തയിൽ നിറഞ്ഞുനിൽക്കുന്നത് ഇത്തരം കാര്യങ്ങളാണ്.

കുട്ടികൾക്ക് നല്ല മതബോധം നൽകുക, അവരുടെ അഭിരുചി തിരിച്ചറിഞ്ഞ് അതിലൂടെ നയിക്കുക, വീട്ടിൽ പഠനാന്തരീക്ഷമുണ്ടാക്കി കുട്ടികളെ വിജ്ഞാനത്തിന്റെ വഴിയിലെത്തിക്കുക എന്നീ കാര്യങ്ങളിൽ രക്ഷിതാക്കൾ ശ്രദ്ധ പുലർത്തണം.

ഈ മൂന്ന് കാര്യങ്ങൾ എളുപ്പം സാധ്യമാകുന്നതല്ല. നിരന്തര പ്രയത്നം അനിവാര്യമാണ്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പ്രവർത്തനമാണ് വേണ്ടത്.

ഓരോ കുട്ടിയും താൻ ചെയ്യുന്നത് മാത്രമാണ് ശരിയെന്ന് ശഠിക്കുന്നവരാണ്. അതിനെതിരെ ആര് വാളോങ്ങിയാലും അവർക്കത് സഹിക്കില്ല. അതുകൊണ്ട് വളരെ ശ്രദ്ധയോടെ വേണം അവരെ സമീപിക്കാൻ. അനുനയ രൂപത്തിലുള്ള സമീപനമാണ് അഭികാമ്യം. അല്ലാത്തപക്ഷം അവരിൽ വാശി വളരും.

മതബോധം എല്ലാവരെയും നന്മയിലേക്കാണ് നയിക്കുന്നത്. കുട്ടികളെ മതബോധത്തോടെ വളർത്തിയാൽ അവർ വിജയം വരിക്കും. ഇന്ന് പലരും തോന്നിവാസം ചെയ്യാൻ മതമുപേക്ഷിക്കുകയാണ്. ആധുനിക മീഡിയകൾ അതിന് വെള്ളവും വളവും നൽകിക്കൊണ്ടിരിക്കുന്നു. മതബോധമുള്ള വ്യക്തിയെ തിന്മയിൽനിന്നകറ്റുന്ന പ്രധാന ഘടകമാണ് അഞ്ച് നേരത്തെ നമസ്കാരം. വിശുദ്ധ ക്വുർആൻ അത് പ്രത്യേകം ഉണർത്തിയിട്ടുണ്ട്. അതിനാൽ അതിന്റെ പ്രാധാന്യം മക്കളെ ബോധ്യപ്പെടുത്തുകയും അത് ശീലിപ്പിക്കുകയും വേണം.

എല്ലാ കുട്ടികളും ഒരുപോലെ പഠിക്കാൻ താൽപര്യമുള്ളവരല്ലെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കളുടെ ഇഷ്ടം കുട്ടികളിൽ അടിച്ചേൽപിക്കരുത്. അത് ഗുണത്തെക്കാളേറെ ദോഷമാണ് ചെയ്യുക. കുട്ടികളുടെ അഭിരുചി കണ്ടെത്തി അതിലേക്കവരെ നയിക്കാനാണ് രക്ഷിതാക്കളും അധ്യാപകരും ശ്രമിക്കേണ്ടത്.

കുട്ടികളുടെ മാനസികോല്ലാസം വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിന്റെ കുറവ് പഠനത്തെ പ്രതികൂലമായി ബാധിച്ചേക്കാം. കായിക വിനോദവും അതുപോലെ അനിവാര്യമാണ്. അത് മനസ്സിനും ശരീരത്തിനും ഉണർവും ഉൻമേഷവും നൽകും.

അവരോടൊപ്പമിരുന്ന് ആശയവിനിമയം നടത്താൻ രക്ഷിതാക്കൾ സമയം കണ്ടെത്തണം. വിദ്യാലയത്തെ കുറിച്ചും കൂട്ടുകാരെ കുറിച്ചും അധ്യാപകരെ കുറിച്ചുമെല്ലാം സംസാരിക്കണം. പഠന കാര്യത്തിൽ സഹായിക്കണം. അതിനു കഴിയില്ലെങ്കിൽ പഠിക്കുന്ന സമയത്ത് അവരുടെ അടുത്ത് ഇരിക്കുകയെങ്കിലും ചെയ്യണം. അത് അവർക്ക് വലിയ പ്രോത്സാഹനമാകും. കുട്ടികളിൽ തെറ്റ് കണ്ടാൽ ശാസിക്കുന്നത് പോലെ ശരി കണ്ടാൽ അഭിനന്ദിക്കാനും തയ്യാറാകണം. പ്രോത്സാഹനവും സമ്മാനം നൽകലുമൊക്കെ അവരിൽ പോസിറ്റീവായ ചിന്താഗതി വളർത്തും.

**-യാസിർ സ്വലാഹി, കരിഞ്ചാപ്പാടി**

# വിദ്വേഷ പ്രസംഗം: സുപ്രീം കോടതിയുടെ ഇടപെടൽ ആശാവഹം

വിദ്വേഷപ്രസംഗങ്ങളിൽ പരാതിക്കു കാത്തുനിൽക്കാതെ സ്വമേധയാ കേസെടുക്കണമെന്നു ഡൽഹി, ഉത്തരാഖണ്ഡ്, യുപി സർക്കാരുകൾക്കു സുപ്രീം കോടതി ഇടക്കാല ഉത്തരവ് നൽകിയത് ആശാവഹമായ ഒരു കാൽവയ്പാണ്. ഏതാനും വർഷങ്ങളായി രാജ്യത്തു പലയിടത്തും വിദ്വേഷപ്രസംഗങ്ങളടക്കം അസഹിഷ്ണുതയുടെയും വേർതിരിവിന്റെയും വിത്തുപാകുന്ന സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. മുമ്പ് മുറാദാബാദിലും ഭീവണ്ടിയിലുമൊക്കെയുണ്ടായ ന്യൂനപക്ഷ വേട്ടയ്ക്ക് പ്രചോദനമായത് ചില നേതാക്കളുടെ വിഷം വമിക്കുന്ന പ്രസംഗങ്ങളായിരുന്നു. ചിന്താശൂന്യരായ അണികളുടെ മനസ്സിൽ പരമതവിദ്വേഷം കുത്തിനിറക്കുന്ന തരത്തിലുള്ള പ്രസംഗം നടത്തി അക്രമത്തിനും കൊലപാതകത്തിനും കൊള്ളയ്ക്കും കൊള്ളിവയ്പിനും ബലാൽസംഗത്തിനും പ്രേരിപ്പിക്കുന്ന നേതാക്കൾ രാജകീയമായി, ചോദ്യം ചെയ്യപ്പെടാത്തവരായി വിലസുന്നത് മഹാവിപത്താണ്.

ബഹുസ്വരതയുടെ ആണിക്കല്ലായ മതനിരപേക്ഷതയ്ക്ക് ഇളക്കം തട്ടുന്ന സാഹചര്യത്തിലേക്കു നയിക്കുന്ന കാര്യങ്ങളൊന്നും രാജ്യത്ത് ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. അതുകൊണ്ടുതന്നെ വിദ്വേഷ പ്രസംഗം നടത്തുന്നയാളുടെ മതം നോക്കാതെ നടപടി സ്വീകരിക്കണമെന്നാണ് ജസ്റ്റിസ് കെ.എം.ജോസഫ് അധ്യക്ഷനായ ബെഞ്ച് ഉത്തരവിട്ടിരിക്കുന്നത്. നടപടിയെടുക്കാതിരിക്കുന്നതു കോടതിയലക്ഷ്യമായി കാണുമെന്നു മുന്നറിയിപ്പു നൽകിയിട്ടുമുണ്ട്. മതനിരപേക്ഷ രാജ്യമെന്ന നിലയിൽ, ഇന്ത്യയിൽ വ്യത്യസ്ത മതവിഭാഗങ്ങൾക്കു സൗഹാർദത്തോടെ ജീവിക്കാൻ കഴിയുന്നില്ലെങ്കിൽ ഇവിടെ സാഹോദര്യം സാധ്യമാകില്ലെന്ന സുപ്രീം കോടതിയുടെ നിരീക്ഷണം വളരെ പ്രസക്തമാണ്.

ഈ വിഷയത്തിൽ സമീപകാലത്തായി സുപ്രീം കോടതി നടത്തിവരുന്ന കർശന ഇടപെടലുകളുടെ തുടർച്ചയാണ് ഇപ്പോഴത്തെ ഇടക്കാല ഉത്തരവ്. ഒരു വിഭാഗത്തിനെതിരെ വിദ്വേഷം വളർത്താമെന്നതു മാത്രമാണ് വിദ്വേഷ പ്രസംഗങ്ങൾകൊണ്ടുള്ള പ്രയോജനമെന്നു കോടതി പറഞ്ഞതു രണ്ടു വർഷം മുൻപാണ്. ബഹുസ്വരതയിൽ അധിഷ്ഠിതമായ ജനാധിപത്യസംവിധാനത്തിൽ തുല്യത നിഷേധിക്കലാണ് വിദ്വേഷ പ്രസംഗങ്ങളിലൂടെ സംഭവിക്കുന്നതെന്നും അന്നു കോടതി അഭിപ്രായപ്പെട്ടിരുന്നു.

അസഹിഷ്ണുതയാൽ പ്രകോപിതരായും വ്യാജവാർത്തകളിൽനിന്നും കെട്ടുകഥകളിൽനിന്നുമുള്ള തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലും ആൾക്കൂട്ടത്തിനു ഭ്രാന്തിളകുന്ന സംഭവങ്ങൾ രാജ്യത്തു വർധിക്കുന്നുവെന്നു സുപ്രീം കോടതി അഭിപ്രായപ്പെട്ടത് 2018ലാണ്. വൈവിധ്യ സമ്പന്നമായ സംസ്കാരം നിലനിർത്താൻ സഹായിക്കുന്ന മൂല്യങ്ങൾ നമ്മുടെ മഹനീയ റിപ്പബ്ലിക്കിനു നഷ്ടമായോ എന്ന് ആലോചിക്കാൻ സമയമായെന്നും ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അധ്യക്ഷനായ അന്നത്തെ ബെഞ്ച് വ്യക്തമാക്കിയിരുന്നു. ബഹുസ്വരതയുടെയും പലസംസ്കാരങ്ങളുടേതുമായ മതനിരപേക്ഷ സാ മുഹികക്രമം ഉറപ്പാക്കി സ്വതന്ത്രമായ ചിന്തയും വിശ്വാസങ്ങളും സാധ്യമാക്കാനുള്ള പ്രാഥമിക ഉത്തരവാദിത്തം സർക്കാരിനാണെന്ന് അന്നു കോടതി പറഞ്ഞതാണ്. എന്നാൽ പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വിദ്വേഷ പ്രസംഗങ്ങളും ആൾക്കൂട്ട അക്രമങ്ങളും തുടരുന്ന കാഴ്ചയാണ് കണ്ടത്.

വിദ്വേഷ പ്രസംഗങ്ങളിൽ പരാതിക്ക് കാത്തുനിൽക്കാതെ കേസെടുക്കണമെന്ന് മൂന്നു സംസ്ഥാനങ്ങൾക്ക് സുപ്രീം കോടതി നൽകിയ ഉത്തരവ് എല്ലാ സംസ്ഥാനങ്ങൾക്കുമുള്ള ഓർമപ്പെടുത്തലാണ്. വിദ്വേഷ പ്രസംഗകരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും അർഹമായ ശിക്ഷ വാങ്ങിക്കൊടുക്കാനും കേന്ദ്ര, സംസ്ഥാന ഭരണകൂടങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. ഖേദകരമെന്നു പറയട്ടെ, വേലിതന്നെ വിളവു തിന്നുന്ന സാഹചര്യമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.



# പെൺമനസ്സിന്റെ ശാക്തീകരണം

അശ്‌റഫ് എകരൂൽ

പൗരാണികമെന്നോ ആധുനികമെന്നോ വ്യത്യാസമില്ലാതെ, ദൈവികമാർഗദർശനത്തിന്റെ കിരണങ്ങളേൽക്കാത്ത ഏതൊരു സമൂഹത്തിലും ദുർബലതപേറുന്ന ഒരു വിഭാഗമാണ് പെൺകുഞ്ഞുങ്ങൾ. പൊതുവെ നീതിപൂർവമായ സമീപനം ലഭ്യമാക്കുന്നതിൽ കുടുംബവും സമൂഹവും വരുത്തുന്ന വീഴ്ച പെൺകുട്ടികളുടെ മാനസിക വളർച്ചയിൽ അസന്തുലിതത്വം വരുത്തിവയ്ക്കുന്നു. തന്മൂലം 'ഞാൻ അത്രയേ ഉള്ളൂ' (I am not ok) എന്ന അധമചിന്ത അവളുടെ മനസ്സിനെ അടിമപ്പെടുത്തുന്നു. അതല്ലങ്കിൽ ചുറ്റുപാടിനോടുള്ള പ്രതികാരബോധം എല്ലാ ധാർമിക പരിമിതികളെയും ലംഘിക്കാനുള്ള നിഷേധാത്മകത്വര (I don't care) അവളെ ഭരിക്കുന്നു. ഇവ രണ്ടും സ്വന്തത്തിനും കുടുംബത്തിനും സമൂഹത്തിനും അപകടമാണ്. അതുകൊണ്ടുതന്നെ പ്രത്യേക പരിഗണനയർഹിക്കുന്ന ഇവരുടെ മാനസിക വളർച്ച സമൂഹത്തിന്റെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമാണ്.

എന്നാൽ 'പെണ്ണുടലി'ന്റെ (മാത്രം) വളർച്ചക്കും സുരക്ഷക്കും സ്വാതന്ത്ര്യത്തിനും ശാക്തീകരണത്തിനും വേണ്ടി ഒച്ചയുണ്ടാക്കുന്ന ഭൗതികന്മാരുടെ ബഹളത്തിനുള്ളിൽ സമൂഹം അവഗണിക്കുന്നതോ മറന്നുപോകുന്നതോ ആയ ഒരു തലമാണ് പെണ്ണിന്റെ മാനസിക വളർച്ചയും ശാക്തീകരണവും. പെൺ

പ്രശ്നങ്ങളെ പരിഗണിക്കുന്നവരുടെ കണ്ണിന്റെയും ക്യാമറയുടെയും ലെൻസുകൾ അധികവും പെണ്ണിന്റെ ഉടലിനപ്പുറത്തേക്ക് കടന്നു മനസ്സിലേക്ക് എത്തിനോക്കാൻ ഇഷ്ടപ്പെടാറില്ല. കാരണം അത് അവരുടെ കപട താൽപര്യങ്ങളുടെ മുഖമൂടി തകർക്കും എന്നതുതന്നെ. ഇവിടെയാണ് പെൺകുഞ്ഞുങ്ങളുടെ മാനസിക വളർച്ചയെ മറ്റു വളർച്ചയെപോലെ പരിഗണിക്കുന്ന ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ വേറിട്ടുനിൽക്കുന്നതും അത് അവരുടെ സമ്പൂർണ വളർച്ചയെ സാധ്യമാക്കുന്നതും.

പെൺകുഞ്ഞുങ്ങളുടെ മാനസികവളർച്ചയോടു നീതിപൂർവം സമീപിക്കാൻ സമൂഹത്തിനെ പാകപ്പെടുത്തിയെടുക്കുകയെന്ന പ്രാഥമിക ദൗത്യമാണ് ഇസ്‌ലാം ഈ രംഗത്ത് ആദ്യമായി ചെയ്യുന്നത്. ഈ അർഥത്തിൽ പെൺവിഷയത്തിലെ 'പൊതുബോധ'ത്തെ ചികിൽസിക്കുന്നതിനായി ഇസ്‌ലാം മുന്നോട്ടു വയ്ക്കുന്ന മൂന്ന് അടിസ്ഥാന തത്ത്വങ്ങൾ നമുക്ക് പരിശോധിക്കാം. അതാവട്ടെ പെണ്ണിന്റെ മാനസിക വളർച്ചയെ ത്വരിതപ്പെടുത്തുന്നത് കൂടിയാണ്

**അജ്ഞാനകാല സമൂഹങ്ങളിൽ പലരും പെൺജനനത്തെ ദുശ്ശകുനമായും അപമാനമായും സമൂഹത്തിലെ സ്ഥാനക്കുറവായും കണ്ടിരുന്ന അവസ്ഥയെ മാറ്റി, സന്തോഷവാർത്തയായി അതിനെ കാണാൻ അവരെ ഇസ്‌ലാം പഠിപ്പിച്ചെടുത്തു. പെൺജനനം വെറുക്കപ്പെട്ടതായി തോന്നുന്ന കാഴ്ചപ്പാടിനെ വിമർശിച്ചുകൊണ്ട് അല്ലാഹുവിന്റെ വെളിപാട് വന്നെത്തി. സ്ത്രീജീവിതത്തിന്റെ ഇരുണ്ടഭൂമികയിൽ പുതിയ സൂര്യോദയത്തിന്റെ തുടക്കമായിരുന്നു അത്. അവളുടെ അവകാശത്തെ ഉയർത്തിപ്പിടിക്കുകയും വിശ്വാസികളുടെ മനസ്സിനെ വിറകൊള്ളിക്കുകയും ചെയ്യുംവിധം വിചാരണനാളിലെ രംഗം അല്ലാഹു ഓർമപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "(ജീവനോടെ) കുഴിച്ചുമൂടപ്പെട്ട പെൺകുട്ടിയോടു ചോദിക്കപ്പെടുമ്പോൾ, താൻ എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത് എന്ന്''** (81:89).

**1) പെൺജനനത്തോടുള്ള കാഴ്ചപ്പാടിനെ ഇസ്‌ലാം മാറ്റിമറിച്ചു**

അജ്ഞാനകാല സമൂഹങ്ങളിൽ പലരും പെൺജനനത്തെ ദുശ്ശകുനമായും അപമാനമായും സമൂഹത്തിലെ സ്ഥാനക്കുറവായും കണ്ടിരുന്ന അവസ്ഥയെ മാറ്റി, സന്തോഷവാർത്തയായി അതിനെ കാണാൻ അവരെ ഇസ്‌ലാം പഠിപ്പിച്ചെടുത്തു. പെൺജനനം വെറുക്കപ്പെട്ടതായി തോന്നുന്ന കാഴ്ചപ്പാടിനെ വിമർശിച്ചുകൊണ്ട് അല്ലാഹുവിന്റെ വെളിപാട് വന്നെത്തി. സ്ത്രീജീവിതത്തിന്റെ ഇരുണ്ട ഭൂമികയിൽ പുതിയ സൂര്യോദയത്തിന്റെ തുടക്കമായിരുന്നു അത്.

അല്ലാഹു പറയുന്നു: "അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽനിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത). ശ്രദ്ധിക്കുക! അവർ എടുക്കുന്ന തീരുമാനം എത്ര മോശം! പരലോകത്തിൽ വിശ്വസിക്കാത്തവർക്കാകുന്നു ഹീനമായ അവസ്ഥ. അല്ലാഹുവിന്നാകുന്നു അത്യുന്നതമായ അവസ്ഥ. അവൻ പ്രതാപിയും യുക്തിമാനുമാകുന്നു'' (ക്വുർആൻ 16:58-60).

അവളുടെ അവകാശത്തെ ഉയർത്തിപ്പിടിക്കുകയും വിശ്വാസികളുടെ മനസ്സിനെ വിറകൊള്ളിക്കുകയും ചെയ്യുംവിധം വിചാരണനാളിലെ രംഗം അല്ലാഹു ഓർമപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "(ജീവനോടെ) കുഴിച്ചുമൂടപ്പെട്ട പെൺകുട്ടിയോടു ചോദിക്കപ്പെടുമ്പോൾ, താൻ എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത് എന്ന്'' (81:89).



പെൺജനനത്തോടുള്ള അജ്ഞാനകാലത്തെ കാഴ്ചപ്പാട്



ഇസ്‌ലാമിൽ എത്തിയശേഷവും തുടരുന്നതിനെ നബി(സ്വ) ശക്തമായി താക്കീത് ചെയ്തു. അവിടുന്ന് പറഞ്ഞതായി ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: "മൂന്നു കാര്യങ്ങൾ നിഷിദ്ധമാണ്.: (ഒരു നിവേദനത്തിൽ അല്ലാഹു നിങ്ങൾക്ക് നിഷിദ്ധമാക്കിയെന്നും മറ്റൊരു നിവേദനത്തിൽ അല്ലാഹുവിന്റെ ദൂതൻ നിഷിദ്ധമാക്കി എന്നുമുണ്ട്) മാതാക്കളെ ധിക്കരിക്കൽ, പെൺകുഞ്ഞിനെ കുഴിച്ചുമൂടൽ, നൽകാനുള്ളത് കൊടുക്കാതിരിക്കലും അനർഹമായത് ചോദിക്കലും."

മറ്റൊരിക്കൽ നബി(സ്വ) പറഞ്ഞു: "നിങ്ങൾ പെൺകുട്ടികളെ വെറുക്കരുത്. അവർ ഇടപെടുമ്പോൾ (മാതാപിതാക്കൾക്ക്) ആനന്ദമുണ്ടാക്കുന്നവരും (അല്ലാഹുവിന്റെ അടുക്കൽ) വിലയേറിയവരും (വിവാഹത്തിനായി) ഒരുക്കേണ്ടവരുമാണ്" (ത്വബ്റാനി).

വിശുദ്ധ ഖുർആനിലെ സൂറതുശ്ശൂറയിലെ 49, 50 വചനങ്ങളിൽ മനുഷ്യർക്കു മക്കളെ നൽകുന്നതിനെ കുറിച്ചുള്ള പരാമർശം ശ്രദ്ധേയമാണ്. അല്ലാഹു പറഞ്ഞു: "അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു."

ഈ വചനങ്ങളെ വിവരിച്ചുകൊണ്ട് ഇമാം ഇബ്നുൽ ഖയ്യിം (റഹി) പറയുകയാണ്: "അല്ലാഹു അവൻ ഉദ്ദേശിക്കുംവിധം മക്കളെ നൽകുന്നുവെന്ന് പറഞ്ഞപ്പോൾ പെണ്ണിനെയാണ് മുന്തിച്ചത്, പിന്നെയാണ് ആണിനെ പരാമർശിക്കുന്നത്. അത് പെണ്ണിന്റെ ജനനത്തെ മോശമായിക്കണ്ട ഒരു സമൂഹത്തെ അതിന്റെ മഹത്ത്വം ബോധിപ്പിക്കാനാണ്. നാം പൊതുവെ ആണും പെണ്ണും എന്നാണ് പറയാറുള്ളത്!"

**ഗൃഹസംസ്കരണത്തിന്റെ ഏറ്റവും നല്ല മാർഗം സ്ത്രീകൾക്ക് നല്ല വിദ്യാഭ്യാസം നൽകുകയെന്നതാണ്. അവരെ അറിവും സംസ്കാരവും ദൈവഭക്തിയും ഔന്നത്യബോധവും ഉള്ളവരാക്കി വളർത്തിയാൽ അതിന്റെ ഗുണഫലം അവരിലൂടെ സമൂഹത്തിനു ലഭിക്കുന്നത് നല്ല തലമുറകളുടെ ഉണ്മയാണ്. അതിന്ന് ഏറ്റവും ആവശ്യം അവരെ സ്നേഹവും ലാളനകളും സുരക്ഷിതബോധവും നൽകി വളർത്തുകയെന്നതാണ്. അവരുടെ മനസിക വളർച്ചയാണ് അവരെ ലക്ഷ്യപ്രാപ്തിയിലേക്ക് കൈപിടിക്കുന്നത്. ആൺകുട്ടികളെക്കാൾ കൂടുതൽ ശ്രദ്ധയും പരിഗണയും അവർക്ക് ലഭിക്കേണ്ടതുണ്ട്. അതിനാൽതന്നെ പെൺകുട്ടികളുടെ പരിപാലനം ശ്രമകരം തന്നെയാണ്. അതുകൊണ്ടുതന്നെയാണ് അവർക്കുള്ള പരിപാലനത്തിന് പ്രത്യേകം പ്രതിഫലവും മഹത്ത്വവും എടുത്തുപറയുന്നത്.**

### 2) പെൺകുട്ടികളെ പരിപാലിക്കുന്നതിന്റെ മഹത്ത്വം പ്രഖ്യാപിച്ചു

പെൺകുട്ടികളെ പരിപാലിക്കുന്നതിന്റെ മഹത്ത്വവും പ്രതിഫലവും പ്രത്യേകം എടുത്തുപറഞ്ഞു സമൂഹത്തിന്റെ മനംമാറ്റത്തിൽ ഒതുക്കിയില്ല പെണ്ണിന്റെ വളർച്ചയെക്കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ; മറിച്ച് അവരെ വളർത്തുന്നതിനുള്ള ഉന്നത പ്രതിഫലവും മഹത്ത്വവും ദൈവദൂതൻ ഇസ്‌ലാമിക സമൂഹത്തെ പഠിപ്പിച്ചു. ഗൃഹസംസ്കരണത്തിന്റെ ഏറ്റവും നല്ല മാർഗം സ്ത്രീകൾക്ക് നല്ല വിദ്യാഭ്യാസം നൽകുകയെന്നതാണ്. അവരെ അറിവും സംസ്കാരവും ദൈവഭക്തിയും ഔന്നത്യബോധവും ഉള്ളവരാക്കി വളർത്തിയാൽ അതിന്റെ ഗുണഫലം അവരിലൂടെ സമൂഹത്തിനു ലഭിക്കുന്നത് നല്ലതലമുറകളുടെ ഉണ്മയാണ്.അതിന്ന്ഏറ്റവുംആവശ്യം അവരെ സ്നേഹവും ലാളനകളും

സുരക്ഷിതബോധവും നൽകി വളർത്തുകയെന്നതാണ്. അവരുടെ മനസിക വളർച്ചയാണ് അവരെ ലക്ഷ്യപ്രാപ്തിയിലേക്ക് കൈപിടിക്കുന്നത്. ആൺകുട്ടികളെക്കാൾ കൂടുതൽ ശ്രദ്ധയും പരിഗണനയും അവർക്ക് ലഭിക്കേണ്ടതുണ്ട്. അതിനാൽതന്നെ പെൺകുട്ടികളുടെ പരിപാലനം ശ്രമകരം തന്നെയാണ്. അതുകൊണ്ടുതന്നെയാണ് അവർക്കുള്ള പരിപാലനത്തിന് പ്രത്യേകം പ്രതിഫലവും മഹത്ത്വവും എടുത്തുപറയുന്നത്.

അല്ലാഹുവിന്റെ തിരുദൂതർ (സ്വ) പറയുകയുണ്ടായി: "ആരെങ്കിലും രണ്ടു പെണ്മക്കളെ പ്രായപൂർത്തിയാകുന്നതുവരെ നല്ല ശിക്ഷണവും വിദ്യാഭ്യാസവും നൽകി (ക്ഷമാപൂർവം) വളർത്തിയാൽ, ഞാനും അവനും ഉയിർത്തെന്നേൽപിന്റെ നാളിൽ ഇതുപോലെയായിരിക്കും." ഇങ്ങനെ പറഞ്ഞിട്ട് നബി(സ്വ) തന്റെ വിരലുകൾ അടുപ്പിച്ചുപിടിച്ചു കാണിച്ചു"(മുസ്‌ലിം).

ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്ത ഹദീസിൽ, മഹതി ആഇശ(റ); തന്റെ വീട്ടിൽ വല്ലതും കിട്ടാൻ വേണ്ടി രണ്ടു പെണ്മക്കളെയുമായി വന്ന സ്ത്രീ, തനിക്ക് കിട്ടിയ കാരക്കച്ചുളകൾ രണ്ടു മക്കൾക്ക് വീതിച്ചു കൊടുത്തതിനെ ആശ്ചര്യത്തോടെ നബിയോട് വിശദീകരിച്ചപ്പോൾ നബി(സ്വ) അവരോടു പ്രതികരിച്ചത് ഇപ്രകാരമാണ്: 'ഇത്തരം പെൺകുഞ്ഞുങ്ങളുടെ കാര്യത്തിൽ ആരെങ്കിലും പരീക്ഷിക്കപ്പെടുകയും എന്നാൽ ആ പെൺകുഞ്ഞുങ്ങളെ നന്നായി നോക്കുകയും ചെയ്താൽ അവർ അവൾക്ക്(മാതാവിന്) നരകത്തിൽനിന്നുള്ള മറയാവും." മുസ്‌ലിമിന്റെ നിവേദനത്തിൽ 'അവർ നിമിത്തം അവൾക്ക് സ്വർഗം നിർബന്ധമാകും അല്ലെങ്കിൽ നരകമോചനം നൽകും' എന്നണുള്ളത്.

പെണ്മക്കളോ സഹോദരികളോ ആരാണെങ്കിലും ഈ ശ്രദ്ധയും പരിഗണനയും നൽകി വളർത്തിയാൽ അതുമൂലം അവർക്ക് സ്വർഗം ലഭിക്കുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അബുസഈദുൽ ഖുദ്‌രിയ്യ്(റ) നിവേദനം ചെയ്യുന്നു: "ആർക്കെങ്കിലും മൂന്നു പെണ്മക്കളോ അല്ലെങ്കിൽ മൂന്നു സഹോദരികളോ അല്ലെങ്കിൽ രണ്ടു പെണ്മക്കളോ, രണ്ടു സഹോദരികളോ ഉണ്ടാവുകയും എന്നിട്ട് അവർക്ക് നല്ല ശിക്ഷണം നൽകി വളർത്തുകയും അവരുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്താൽ അവന്നു തീർച്ചയായും സ്വർഗമുണ്ട്" (അബുദാവൂദ്, തിർമിദി).

നോക്കുക! എത്ര സൂക്ഷ്മമായാണ് ഇസ്‌ലാം ഈ കാര്യം പഠിപ്പിക്കുന്നത്! ഇന്നും ഭൂരിപക്ഷം മനസ്സുകളെയും ഭരിക്കുന്നത് പെൺകുഞ്ഞുങ്ങൾ ഭാരമാണെന്നാണ്. 'അതും പെണ്ണാണ്' എന്ന പ്രതികരണത്തിൽ ഈ നീരസമുണ്ട്. എന്നാൽ യഥാർഥ സത്യവിശാസികൾക്ക് പെൺകുഞ്ഞുങ്ങൾ എല്ലാ അർഥത്തിലും അല്ലാഹു പറഞ്ഞതുപോലെ സന്തോഷവാർത്തതന്നെയാണ്. കൂടുതൽ വാത്സല്യവും കാരുണ്യവും നൽകി രക്ഷിതാക്കളുടെ ചിറകിനുള്ളിൽ അവരെ കൊണ്ടുനടക്കണമെന്ന് മാത്രം.

### 3) ആൺ-പെൺ മക്കൾക്കിടയിൽ തുല്യത കാണിക്കാൻ പറഞ്ഞു

പെണ്മക്കളുടെ മാനസിക ഉയർച്ചയും വളച്ചയും സാധ്യമാക്കാൻ ഇസ്‌ലാം നൽകുന്ന മറ്റൊരു മനഃശാസ്ത്രപരമായ നിർദേശമാണ് അവർക്കിടയിൽ തുല്യത കാണിക്കുകയും ആൺമക്കളെ പെണ്മക്കളെക്കാൾ ഉയർത്തിവെക്കാതിരിക്കുകയും ചെയ്യുകയെന്നത്. സ്‌നേഹത്തിലും വാത്സല്യത്തിലും സൗകര്യങ്ങളും സമ്മാനങ്ങളും മറ്റും നൽകുന്നതിലും അവർക്കിടയിൽ വിവേചനമരുത് എന്നാണ് ഇസ്‌ലാമിക സംസ്‌കാരം പഠിപ്പിക്കുന്നത്. സാധാരണ നമ്മുടെ വീടകങ്ങളിൽ കേൾക്കുന്ന ഒരു പ്രതികരണമാണ് 'നീ പെണ്ണല്ലേ,' 'അവനൊരു ആണല്ലേ,' 'നീനക്ക് താണുകൊടുത്തുകൂടേ' എന്നൊക്കെ. ഇതെല്ലാം പെണ്ണിന്റെ മാനസിക വളർച്ചയിൽ മരവിപ്പ് ഉണ്ടാക്കുന്നതാണ്. ഇതിനെ ഇസ്‌ലാം നിരാകരിക്കുന്നു. റസൂൽ (സ്വ) പറയുന്നു: "ആർക്കെങ്കിലും ഒരു പെൺകുഞ്ഞ് ഉണ്ടാവുകയും അവളെ കുഴിച്ചുമൂടാതെയും നിന്ദിക്കാതെയും ആൺകുഞ്ഞിനെ അവളെക്കാൾ മുന്തിക്കാതെയും വളർത്തിയാൽ അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്" (അബുദാവൂദ്).

ഏതൊരു മനഃശാസ്ത്ര വിദഗ്ധനെയും അതിശയിപ്പിക്കുംവിധത്തിൽ അതിസൂക്ഷ്മായ അധ്യാപനങ്ങളാണ് അല്ലാഹുവിന്റെ പ്രവാചകൻ മനുഷ്യന്റെ മുന്നിൽ വയ്ക്കുന്നത്. ശാസ്ത്രീയവും പ്രായോഗികവുമായ ഈ നിർദേശങ്ങൾ പാലിച്ചുകൊണ്ട് മക്കളെ വളർത്തുന്ന ഏതൊരു രക്ഷിതാവും സമൂഹത്തിനു സമ്മാനിക്കുന്നത്, സ്‌നേഹനിധിയായ ഭാര്യയെയും വാത്സല്യത്തിന്റെ നിറകുടമാവാൻ പ്രാപ്തമായ മാതാവിനെയും പ്രതിസന്ധികളിൽ പതറാതെ മുന്നോട്ടുനീങ്ങാൻ ധൈര്യം പകരുന്ന അധ്യാപികയെയും ഒക്കെയാണ്.

സത്യത്തെ പ്രണയിക്കുന്ന അലിയ്യുബ്‌നു അബീതാലിബിനെയും വിവേകത്തെ ചുമക്കുന്ന മുആവിയയെയും, ധൈര്യശാലിയായ അബ്ദുല്ലാഹിബ്‌നു സുബൈറിനെയും പ്രസവിച്ചത് സത്യവിശ്വാസവും ഔന്നത്യബോധവും മനസ്സിലുറച്ച ഇത്തരം സ്ത്രീകളാണ്. നമ്മുടെ പെണ്മക്കളിലും ഈ നിലവാരത്തിലുള്ള മാനസിക ശാക്തീകരണം ഉണ്ടാക്കുന്നതാവണം ഇസ്‌ലാമിക് പാരന്റിങ്. ■



# രോഗം: വിശ്വാസികൾ അറിയേണ്ടത്

ഹുസൈൻ സലഫി
: +971 50 634 6963

**രോഗങ്ങൾ വിശ്വാസികളെ സംബന്ധിച്ചിടത്തോളം പരീക്ഷണം മാത്രമല്ല അനുഗ്രഹം കൂടിയാണ്. ക്ഷമിക്കാനും സ്രഷ്ടാവിനെ സ്മരിക്കാനുമുള്ള സന്മനസ്സ് കാണിക്കുന്നവർക്ക് നാളേക്കുവേണ്ടിയുള്ള ഈടുവയ്പുകളായി അസുഖവും വേദനയും മാറുമെന്നാണ് പ്രവാചകാധ്യാപനം. രോഗം നൽകുന്നതും ശമനമേകുന്നതും സ്രഷ്ടാവാണ്. രോഗത്തോടുള്ള ഒരു വിശ്വാസിയുടെ സമീപനം എന്തായിരിക്കണം? ചികിത്സ എങ്ങനെയാകണം; എങ്ങനെയായിക്കൂടാ? ഒരു വിശദ പഠനം.**

ജീവിച്ചിരിക്കുന്ന കാലമത്രയും പൂർണമായ ആരോഗ്യത്തോടെയും സൗഖ്യത്തോടെയും കഴിയുക എന്നത് മനുഷ്യന്റെ മോഹമാണ്. എന്നാൽ അത് ഒരിക്കലും സംഭവ്യമല്ല. പലവിധ രോഗങ്ങളും നമ്മെ ബാധിച്ചേക്കാം. അത്തരം സന്ദർഭങ്ങളിൽ ഒരു മുസ്‌ലിം പാലിക്കേണ്ട മര്യാദകൾ എന്തായിരിക്കണം, അതിനോടുള്ള സമീപനം എങ്ങനെയായിരിക്കണം എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

ഐഹിക ജീവിതവും അതിലെ അനുഭവങ്ങളും ശാശ്വതമല്ല. ഇന്ന് നമ്മെ ചിരിപ്പിക്കുന്ന ദുൻയാവ് നാളെ നമ്മെ കരയിപ്പിക്കുന്നതായേക്കാം. ഇന്ന് നമുക്ക് സന്തോഷമാണെങ്കിൽ നാളെ നമുക്ക് ദുഃഖമായേക്കാം. അങ്ങനെ രാവും പകലും മാറി മാറി വരുന്നത് പോലെ, കാലാവസ്ഥകൾ മാറി മാറി വരുന്നത് പോലെ സുഖവും ദുഃഖവും സന്തോഷവും സങ്കടവുമൊക്കെ മാറിമാറി വന്ന് കൊണ്ടിരിക്കുന്ന പ്രത്യേകമായ ഒരവസ്ഥയിലാണ് മനുഷ്യന്റെ ഭൗതിക ജീവിതം അല്ലാഹു ക്രമീകരിച്ചിട്ടുള്ളത്. ഏതെങ്കിലും ഒന്നിന്റെ പേരിൽ വളരെയേറെ സന്തോഷിക്കുന്നുണ്ടെങ്കിൽ കുറച്ച് കഴിയുമ്പോൾ അതിന്റെ പേരിൽ തന്നെ വിലപിക്കേണ്ടി വരുന്ന അവസ്ഥയും നാം കണ്ടുകൊണ്ടിരിക്കുന്നു.

ഐഹിക ജീവിതത്തെക്കുറിച്ച് നബി(സ്വ) പറഞ്ഞത് ശ്രദ്ധേയമാണ്: “നീ ഈ ദുൻയാവിൽ ജീവിക്കേണ്ടത് ഒരു വിദേശിയെ പോലെയാണ്. അതല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെ പോലെയാണ്”(ബുഖാരി).

അൽപനേരം വിശ്രമിച്ച് ഒഴിവാക്കിപ്പോകുന്ന മരത്തണൽ, അല്ലെങ്കിൽ താൽക്കാലികമായ ചില ആവശ്യങ്ങൾക്ക് ചെന്നെത്തിയ, ആവശ്യം നിറവേറിയാൽ ഉടനെ വിട്ടേച്ചുപോരുന്ന അന്യരാജ്യം... അത്രയേ ഇഹലോകത്തിന് സ്ഥാനമുള്ളൂ. ഇത് മനസ്സിലാക്കുകയാണ് ഒരു രോഗി അവന്റെ രോഗാവസ്ഥയിൽ ശാന്തി ലഭിക്കാൻ വേണ്ടി ചെയ്യേണ്ട ഒന്നാമത്തെ കാര്യം.

പ്രവാചകൻ(സ)യുടെ പ്രഭാത, പ്രദോഷ പ്രാർഥനകളിൽ അല്ലാഹുവോട് സൗഖ്യത്തിന് വേണ്ടിയുള്ള തേട്ടം കാണാം:

“അല്ലാഹുവേ, ഇഹത്തിലും പരത്തിലും നിന്നോട് ഞാൻ സൗഖ്യം ചോദിക്കുന്നു” (അബൂദാവൂദ്).

‘എനിക്ക് ആരോഗ്യം തരണേ’ എന്ന് നാം അല്ലാഹുവിനോട് നിരന്തരം ചോദിച്ചുകൊണ്ടിരിക്കുന്നു. നമസ്കാരത്തിൽതന്നെ രണ്ടു സുജൂദുകൾക്കിടയിൽ ഈ കാര്യം നാം അല്ലാഹുവിനോട് ചോദിക്കുന്നുണ്ട് എന്നത് ഓർക്കുക. ‘വ ആഫിനീ’ എന്നതിന്റെ അർഥം ‘എനിക്ക് സൗഖ്യം നൽകണേ’ എന്നാണ് എന്നത് പലരും അറിയാതെ പോകുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ഒരു പരീക്ഷണം എന്ന നിലക്കും ചില ഘട്ടങ്ങളിൽ നമ്മിൽനിന്നുണ്ടാവുന്ന തിന്മകൾക്കുള്ള ശിക്ഷ എന്ന നിലക്കും നമ്മെ രോഗം പിടികൂടിയേക്കാം. രോഗം ബാധിച്ചാൽ അത് പരീക്ഷണമാണോ അതോ തന്നിൽ സംഭവിച്ചുപോയിട്ടുള്ള തിന്മയുടെ പരിണിതഫലമാണോ എന്നൊന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കില്ല.

അതിനെക്കുറിച്ച് ആകുലപ്പെട്ട് ഇരിക്കുകയല്ല നമ്മൾ ചെയ്യേണ്ടത്. രോഗാവസ്ഥയിൽ മാനസികമായ ധൈര്യമാണ് ആദ്യം വേണ്ടത്. രോഗം എന്താണെന്നും രോഗം തരുന്നത് ആരാണെന്നും ആരാണ് അത് സുഖപ്പെടുത്തുന്നതുമൊക്കെ നാം നമ്മുടെ മനസ്സിനെ ബോധ്യപ്പെടുത്തണം.

തനിക്ക് കാര്യമായ ആരോഗ്യപ്രശ്നം ഒന്നുമില്ലായെന്ന് വിചാരിച്ച് നടക്കുന്നതിനിടയിലായിരിക്കും മറഞ്ഞുകിടക്കുകയായിരുന്ന രോഗം പുറത്തുചാടുന്നത്. ചിലപ്പോൾ രക്തമോ മൂത്രമോ മറ്റോ പരിശോധിക്കുമ്പോഴാകും ഗുരുതരമായ രോഗം ഒളിഞ്ഞിരിക്കുന്നത് തിരിച്ചറിയുക. അവിടം മുതൽ അയാൾ അറിയുന്നു താൻ ഒരു രോഗിയാണെന്ന്.



**ഐഹിക ജീവിതവും അതിലെ അനുഭവങ്ങളും ശാശ്വതമല്ല. ഇന്ന് നമ്മെ ചിരിപ്പിക്കുന്ന ദുൻയാവ് നാളെ നമ്മെ കരയിപ്പിക്കുന്നതായേക്കാം. ഇന്ന് നമുക്ക് സന്തോഷമാണെങ്കിൽ നാളെ നമുക്ക് ദുഃഖമായേക്കാം. അങ്ങനെ രാവും പകലും മാറി മാറി വരുന്നത് പോലെ, കാലാവസ്ഥകൾ മാറി മാറി വരുന്നത് പോലെ സുഖവും ദുഃഖവും സന്തോഷവും സങ്കടവുമൊക്കെ മാറിമാറി വന്ന് കൊണ്ടിരിക്കുന്ന പ്രത്യേകമായ ഒരവസ്ഥയിലാണ് മനുഷ്യന്റെ ഭൗതിക ജീവിതം അല്ലാഹു ക്രമീകരിച്ചിട്ടുള്ളത്. ഏതെങ്കിലും ഒന്നിന്റെ പേരിൽ വളരെയേറെ സന്തോഷിക്കുന്നുണ്ടെങ്കിൽ കുറച്ച് കഴിയുമ്പോൾ അതിന്റെ പേരിൽ തന്നെ വിലപിക്കേണ്ടി വരുന്ന അവസ്ഥയും നാം കണ്ടുകൊണ്ടിരിക്കുന്നു.**

**ഏറ്റവും വലിയ പരീക്ഷണം ആർക്കുണ്ടോ, അവർക്കാണ് ഏറ്റവും വലിയ പ്രതിഫലം അല്ലാഹു നൽകുന്നത് എന്ന് ഈ ഹദീഥിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. “അല്ലാഹു ഒരു ജനതയെ ഇഷ്ടപ്പെട്ടുകഴിഞ്ഞാൽ അവരെ കടുത്ത പരീക്ഷണങ്ങൾക്ക് വിധേയരാക്കും. ആർ അല്ലാഹുവിന്റെ വിധിയിൽ തൃപ്തിപ്പെട്ടുവോ അവന് അല്ലാഹുവിന്റെ തൃപ്തി ലഭിക്കും. ആ വിധിയിൽ ക്ഷമകേട് കാണിച്ച് ആര് കോപിക്കുന്നുവോ അവന് അല്ലാഹുവിന്റെ കോപമാണ് അതുമുഖേന ഉണ്ടായിത്തീരുന്നത്’’ (തുർമുദി). അതിനാൽ, പരീക്ഷണങ്ങളിൽ സഹിക്കാനും ക്ഷമിക്കാനുമുള്ള കരുത്ത് നേടിയെടുക്കാൻ വേണ്ടിയാണ് നബി(സ്വ) പഠിപ്പിക്കുന്നത്.**

ഒരാൾ താൻ രോഗിയാണെന്ന് അറിഞ്ഞാൽ തന്റെ മനസ്സിനെ പഠിപ്പിക്കേണ്ടുന്ന ചില പരമപ്രധാനമായ കാര്യങ്ങളുണ്ട്. അതിലേക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധക്ഷണിക്കുന്നത്.

അല്ലാഹു ഒരു സത്യവിശ്വാസിയോട് ഇഷ്ടം വെക്കുമ്പോൾ അവനെ കൂടുതൽ പരീക്ഷണത്തിന് വിധേയനാക്കും. പലപ്പോഴും രോഗം വന്നുകഴിഞ്ഞാൽ, താൻ രോഗിയാണെന്ന് അറിയുമ്പോൾ മനസ്സ് നിരാശപ്പെട്ട്, വളരേയേറെ ദേഷ്യപ്പെട്ട്, ക്ഷമകേടിന്റെയും സഹികേടിന്റെയും വാക്കുകൾ പറഞ്ഞ് പരീക്ഷണം മുഖേന ലഭിക്കാവുന്ന പുണ്യങ്ങൾ നഷ്ടപ്പെടുത്തുന്നവരാണ് ബഹുഭൂരിപക്ഷം ആളുകളും.

അനസി(റ)ൽനിന്നുള്ള ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം, അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നു: “ഏറ്റവും വലിയ പ്രതിഫലം ലഭിക്കുന്നത് ഏറ്റവും വലിയ പരീക്ഷണങ്ങളുടെ കൂടെയാണ്.”

ഏറ്റവും വലിയ പരീക്ഷണം ആർക്കുണ്ടോ, അവർക്കാണ് ഏറ്റവും വലിയ പ്രതിഫലം അല്ലാഹു നൽകുന്നത് എന്ന് ഈ ഹദീഥിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

“അല്ലാഹു ഒരു ജനതയെ ഇഷ്ടപ്പെട്ടുകഴിഞ്ഞാൽ അവരെ കടുത്ത പരീക്ഷണങ്ങൾക്ക് വിധേയരാക്കും. ആർ അല്ലാഹുവിന്റെ വിധിയിൽ തൃപ്തിപ്പെട്ടുവോ അവന് അല്ലാഹുവിന്റെ തൃപ്തി ലഭിക്കും. ആ വിധിയിൽ ക്ഷമകേട് കാണിച്ച് ആര് കോപിക്കുന്നുവോ അവന് അല്ലാഹുവിന്റെ കോപമാണ് അതുമുഖേന ഉണ്ടായിത്തീരുന്നത്’’ (തുർമുദി).

അതിനാൽ, പരീക്ഷണങ്ങളിൽ സഹിക്കാനും ക്ഷമിക്കാനുമുള്ള കരുത്ത് നേടിയെടുക്കാൻ വേണ്ടിയാണ് നബി(സ്വ) പഠിപ്പിക്കുന്നത്. ഈ വിഷയത്തിൽ ഇനിയും ധാരാളം ഹദീഥുകൾ നമുക്ക് കാണാൻ സാധിക്കും:

“അല്ലാഹു തന്റെ അടിമയെക്കൊണ്ട് നന്മ ഉദ്ദേശിക്കുന്നതായാൽ ഇഹലോകത്തുവെച്ച് തന്നെ ശിക്ഷ ധൃതി കൂട്ടി കൊടുക്കും. പരലോകത്തിലേക്ക് മാറ്റിവെക്കാതെ ശിക്ഷകൊടുക്കും. അവന്റെ പല തിന്മകൾക്കും ശിക്ഷ ഇവിടെവെച്ച് കൊടുത്തുതീർക്കും. പരലോകത്ത് അവന് ശിക്ഷയുണ്ടാവില്ല. ഒരു അടിമയെക്കൊണ്ട് തിന്മ ഉദ്ദേശിക്കുമ്പോൾ അവന്റെ പാപങ്ങൾ പിടിച്ചുവെച്ച് അവന് ഇഹലോകത്തിൽ ഒന്നും ബാധിപ്പിക്കാതിരിക്കുന്നു; പരലോകത്തിലെത്തുമ്പോൾ കടുത്തനിലക്കുള്ള ശിക്ഷ അതുകാരണത്താൽ അവന് ലഭിക്കുന്നു’’ (തുർമുദി).

ഈ ഹദീസുകളിൽനിന്നെല്ലാം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, അല്ലാഹുവിന്റെ അടുക്കൽനിന്നുള്ള പരീക്ഷണങ്ങൾ ഒരുവേള നമ്മുടെ കുറ്റങ്ങൾ കാരണമായി സംഭവിക്കുന്നതാണെങ്കിൽ അതുകൊണ്ടുള്ള പ്രയാസം ഇവിടെവെച്ച് തന്നെ തീരുന്നതാണ്. വിശ്വാസിയെ സംബന്ധിച്ച് അത് ഗുണകരമാണല്ലോ.

പരലോകത്ത് അല്ലാഹുവിന്റെ അടുക്കൽനിന്നുള്ള പ്രതിഫലമാണ് കിട്ടുന്നതെങ്കിൽ അതും അവന് ഗുണകരമാണെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഏതാനും കാലം മാത്രമുള്ള ഈ ലോകത്തുവെച്ച് ശിക്ഷ അനുഭവിക്കുന്നതാണല്ലോ ശാശ്വതമായ പരലോകത്ത് അനന്തമായ ശിക്ഷ അനുഭവിക്കുന്നതിനെക്കാൾ നല്ലത്. പരലോകരക്ഷയാണല്ലോ പ്രധാനം. ഈ നിലക്കുള്ള ചിന്തയാണ് പരീക്ഷണഘട്ടത്തിൽ വിശ്വാസിയിൽ ഉണ്ടാകേണ്ടതെന്ന് റസൂൽ(സ്വ)





നമ്മെ ബോധ്യപ്പെടുത്തുകയാണ് ഈ വചനത്തിലൂടെ.

മനുഷ്യരിൽ ഏറ്റവും കൂടുതൽ പരീക്ഷണത്തിന് വിധേയരായവർ നബിമാരാണ്.

സഅ്ദ്(റ) ഒരിക്കൽ പറയുകയുണ്ടായി: "ഞാൻ റസൂലി(സ്വ)നോട് ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, ജനങ്ങളിൽ ഏറ്റവും കടുത്ത പരീക്ഷണങ്ങൾക്ക് വിധേയരാകുന്നവർ ആരാണ്?' 'നബിമാരാണ് ജനങ്ങളിൽ ഏറ്റവും കടുത്ത പരീക്ഷണങ്ങൾക്ക് വിധേയരാകുന്നവർ. പിന്നെ അതിനോടടുത്ത ശ്രേഷ്ഠന്മാർ. പിന്നീട് അതിനോടടുത്ത ശ്രേഷ്ഠന്മാർ."

നബി(സ്വ) ഇത് വിശദീകരിക്കുന്നത് ഇപ്രകാരമാണ്: "അതിനാൽ ഒരാൾ തന്റെ മതബോധത്തിന്റെ തോതനുസരിച്ച് പരീക്ഷിക്കപ്പെടുന്നതാണ്. അവന്റെ മതവിശ്വാസം കടുത്തതാണെങ്കിൽ പരീക്ഷണം അതികഠിനമായിരിക്കും. അവന്റെ മതം അൽപം ലോലമാണെങ്കിൽ അവനുള്ള പരീക്ഷണവും കാഠിന്യം കുറഞ്ഞതായിരിക്കും. ഒരു അടിമക്ക് ബാധിച്ച വിപത്തുകൾ കാരണം അവന്റെ ജീവിതത്തിലെ എല്ലാ പാപങ്ങളും അവനിൽനിന്നും കൊഴിഞ്ഞുപോകുന്നതുവരെ അവൻ ഭൂമിയിലൂടെ നടന്നു കൊണ്ടിരിക്കും" (അഹ്മദ്).

അല്ലാഹു അയാളെ അതുമൂലം സ്ഫുടം ചെയ്തെടുത്തിട്ടുണ്ടാവും. അതിനാൽ നമുക്കാർക്കും പരീക്ഷണം വരുകയില്ലെന്ന്, ശാരീരികമായി മാനസികമായി പരീക്ഷണങ്ങൾ ഉണ്ടാകില്ലെന്ന് നമ്മൾ വിചാരിക്കേണ്ടതില്ല. കാരണം, അല്ലാഹു വളരെ ശക്തമായി പറയുന്നു:

എന്ത് ആപത്ത് വന്നാലും ക്ഷമകേടിന്റെ വർത്തമാനം പറയാതെ, ഞങ്ങൾ അല്ലാഹുവിന്റെ സൃഷ്ടികളാണ്, അവന്റെ അടിമകളാണ്. ഞങ്ങളിൽ എന്ത് തീരുമാനമെടുക്കാനും അല്ലാഹുവിന് അർഹതയും അവകാശവുമുണ്ട്. അതിനെ ചോദ്യം ചെയ്യാൻ തങ്ങൾക്ക് അവകാശമില്ല. റബ്ബ് വിധിക്കുന്നതെന്തും നന്മയായിരിക്കും. ഞങ്ങൾ അവനിലേക്ക് മടങ്ങിപ്പോകേണ്ടവരാണ് എന്ന വിചാരമാണ് വിശ്വാസികളിൽ ഉണ്ടാകേണ്ടത്. ദേഹങ്ങൾകൊണ്ടുള്ള പരീക്ഷണമാണ് രോഗങ്ങൾ. ഒരു വിശ്വാസി അക്ഷമനാകാൻ പാടില്ല. വേദന സഹിക്കുമ്പോൾ ക്ഷമകേടിന്റെ വാക്കുകൾ അറിയാതെ പറഞ്ഞുപോയേക്കും. പക്ഷേ, പറയാതിരിക്കാനാണ് ശ്രദ്ധിക്കേണ്ടത്.

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (അൽബഖറ:155).

"തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും..." (അൽബഖറ:156).

എന്ത് ആപത്ത് വന്നാലും ക്ഷമകേടിന്റെ വർത്തമാനം പറയാതെ, ഞങ്ങൾ അല്ലാഹുവിന്റെ സൃഷ്ടികളാണ്, അവന്റെ അടിമകളാണ്. ഞങ്ങളിൽ എന്ത് തീരുമാനമെടുക്കാനും അല്ലാഹുവിന് അർഹതയും അവകാശവുമുണ്ട്. അതിനെ ചോദ്യം ചെയ്യാൻ തങ്ങൾക്ക് അവകാശമില്ല. റബ്ബ് വിധിക്കുന്നതെന്തും നന്മയായിരിക്കും. ഞങ്ങൾ അവനിലേക്ക് മടങ്ങിപ്പോകേണ്ടവരാണ് എന്ന വിചാരമാണ് വിശ്വാസികളിൽ ഉണ്ടാകേണ്ടത്.

"അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ" (അൽബഖറ:156).

"തീർച്ചയായും നിങ്ങളുടെ സ്വത്തുക്കളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്..." (ആലുഇംറാൻ:186).

ദേഹങ്ങൾകൊണ്ടുള്ള പരീക്ഷണമാണ് രോഗങ്ങൾ. ഒരു വിശ്വാസി അക്ഷമനാകാൻ പാടില്ല. വേദന സഹിക്കുമ്പോൾ ക്ഷമകേടിന്റെ വാക്കുകൾ അറിയാതെ പറഞ്ഞുപോയേക്കും. പക്ഷേ, പറയാതിരിക്കാനാണ് ശ്രദ്ധിക്കേണ്ടത്.

ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഹദീഥിൽ ഇങ്ങനെ കാണാം: "അല്ലാഹു ഒരാളെക്കൊണ്ട് ഖൈർ (നന്മ) ഉദ്ദേശിച്ചാൽ ആ മനുഷ്യന് അല്ലാഹു വല്ല ആപത്തുകളും കൊടുക്കും" (ബുഖാരി).

അല്ലാഹു നമുക്കൊരു നന്മ ഉദ്ദേശിക്കുമ്പോഴാണ് പരീക്ഷണങ്ങൾ വരുന്നതെന്ന് നമ്മൾ നമ്മുടെ മനസ്സിനെ പഠിപ്പിക്കണം.

മഹാനായ ഇബ്നുമസ്ഊദ്(റ) പറയുന്നു; അദ്ദേഹം ഒരിക്കൽ പ്രവാചകൻ(സ്വ)യുടെ അടുക്കൽ പ്രവേശിച്ചപ്പോൾ അവിടുന്ന് പനിച്ച്, വേദനിച്ച് കിടന്ന് പ്രയാസപ്പെടുകയാണ്. അപ്പോൾ ഇബ്നുമസ്ഊദ് (റ) ചോദിച്ചു: "നബിയേ, താങ്കൾക്ക് വല്ലാത്ത വേദനയുണ്ടല്ലേ? വല്ലാത്ത പനിയും പ്രയാസവും താങ്കൾക്കുണ്ടല്ലൊ! കഠിനമായ പ്രയാസം താങ്കൾ അനുഭവിക്കുന്നുണ്ട് അല്ലേ?'' നബി(സ്വ) മറുപടി പറഞ്ഞു: "അതെ, നിങ്ങളിൽ രണ്ടു പേർക്കുണ്ടാകുന്ന വേദന ഞാൻ അനുഭവിക്കുന്നുണ്ട്.'' അന്നേരം ഇബ്നുമസ്ഊദ്(റ) ചോദിച്ചു: "അപ്പോൾ നബിയേ, താങ്കൾക്ക് രണ്ടാളുടെ പ്രതിഫലവുമുണ്ടാവുമല്ലേ?'' നബി(സ്വ) പറഞ്ഞു: "അതെ. എനിക്ക് രണ്ടാളുടെ വേദനയുണ്ടെങ്കിൽ എനിക്ക് രണ്ടാളുടെ കൂലിയും കിട്ടുന്നതാണ്'' (ബുഖാരി, മുസ്‌ലിം).

വേദന സഹിക്കുകയും ക്ഷമിക്കുകയും ചെയ്ത്, ക്ഷമകേടിന്റെ വാക്കുകൾ പറയാതെ ജീവിക്കുന്നിടത്തോളം കാലം നമുക്ക് അതിലൂടെ അല്ലാഹു ധാരാളം പ്രതിഫലം തരുമെന്ന് ഈ നബിവചനം നമ്മെ പഠിപ്പിക്കുന്നു.

രോഗമാകുന്ന പരീഷണഘട്ടങ്ങളിൽ അല്ലാഹുവിന്റെ തീരുമാനത്തിൽ വെറുപ്പ് കാണിക്കാതെ, അനുവദനീയമായ മാർഗത്തിലൂടെ രോഗശമനത്തിന് ശ്രമിച്ച്, ഹറാമിലേക്കും കുഫ്‌റിലേക്കും ശിർക്കിലേക്കും വഴുതിവീഴാതെ മുന്നോട്ടുപോയാൽ പരലോകത്ത് വമ്പിച്ച പ്രതിഫലമാണ് ലഭിക്കുക.

ഇമാം തുർമുദി റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാം: "ഇഹലോകത്ത് കടുത്ത പരീക്ഷണങ്ങൾ നേരിട്ടവർക്കുള്ള പ്രതിഫലം നൽകപ്പെടുമ്പോൾ അന്ത്യനാളിൽ (ദുനിയാവിൽ) ആരോഗ്യമുള്ള

**വേദന സഹിക്കുകയും ക്ഷമിക്കുകയും ചെയ്ത്, ക്ഷമകേടിന്റെ വാക്കുകൾ പറയാതെ ജീവിക്കുന്നിടത്തോളം കാലം നമുക്ക് അതിലൂടെ അല്ലാഹു ധാരാളം പ്രതിഫലം തരുമെന്ന് ഈ നബിവചനം നമ്മെ പഠിപ്പിക്കുന്നു. രോഗമാകുന്ന പരീഷണഘട്ടങ്ങളിൽ അല്ലാഹുവിന്റെ തീരുമാനത്തിൽ വെറുപ്പ് കാണിക്കാതെ, അനുവദനീയമായ മാർഗത്തിലൂടെ രോഗശമനത്തിന് ശ്രമിച്ച്, ഹറാമിലേക്കും കുഫ്‌റിലേക്കും ശിർക്കിലേക്കും വഴുതിവീഴാതെ മുന്നോട്ടുപോയാൽ പരലോകത്ത് വമ്പിച്ച പ്രതിഫലമാണ് ലഭിക്കുക. ഇമാം തുർമുദി റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാം: "ഇഹലോകത്ത് കടുത്ത പരീക്ഷണങ്ങൾ നേരിട്ടവർക്കുള്ള പ്രതിഫലം നൽകപ്പെടുമ്പോൾ അന്ത്യനാളിൽ (ദുനിയാവിൽ) ആരോഗ്യമുള്ള ആളുകൾ കൊതിച്ചുപോകും; ദുനിയാവിൽവെച്ച് ഞങ്ങളുടെ തൊലിയുടെ ഓരോ ഭാഗവും കത്രികകൊണ്ട് കത്രിക്കപ്പെട്ടിരുന്നുവെങ്കിൽ എത്രനന്നായിരുന്നു എന്ന്.''**

ആളുകൾ കൊതിച്ചുപോകും; ദുനിയാവിൽവെച്ച് ഞങ്ങളുടെ തൊലിയുടെ ഓരോ ഭാഗവും കത്രികകൊണ്ട് കത്രിക്കപ്പെട്ടിരുന്നുവെങ്കിൽ എത്രനന്നായിരുന്നു എന്ന്.''

വേദനയുടെ ഘട്ടത്തിൽ ക്ഷമയവലംബിച്ച്, കുഫ്‌റിലേക്കും ശിർക്കിലേക്കും പോകാതെ റബ്ബിന്റെ തീരുമാനത്തിൽ തൃപ്തിപ്പെട്ട് ജീവിച്ചവർക്ക്, തങ്ങൾക്ക് പരലോകത്ത് ലഭിക്കുന്ന വമ്പിച്ച പ്രതിഫലം കാണുമ്പോൾ തോന്നുന്ന മോഹമാണിത്.

ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീഥ് ഇപ്രകാരമാണ്: "ഒരു മുസ്‌ലിമിന് രോഗപീഡയോ അതുപോലുള്ളതോ ബാധിക്കുമ്പോൾ വൃക്ഷത്തിൽനിന്നും ഇലകൾ പൊഴിയുന്നതുപോലെ അവന്റെ പാപങ്ങൾ കൊഴിഞ്ഞുപോകുന്നു.''

അബൂഹുറയ്‌റ(റ)യിൽനിന്ന്; പ്രവാചകൻ(സ്വ) പറഞ്ഞു: "സത്യവിശ്വാസിയുടെയും സത്യവിശ്വാസിനിയുടെയും ശരീരത്തിലും സന്താനങ്ങളിലും സമ്പത്തിലും പരീക്ഷണങ്ങൽ സംഭവിച്ചുകൊണ്ടേയിരിക്കും. അവസാനം, പാപരഹിതമായ അവസ്ഥയിൽ അയാൾ അല്ലാഹുവിനെ അഭിമുഖീകരിക്കുന്നതുവരേക്കും'' (തുർമുദി: 2401).

സ്വന്തം കാലിൽ ഒരു മുള്ളുതറച്ചാൽപോലും അയാളുടെ പാപങ്ങൾ കൊഴിഞ്ഞുപോകുമെന്ന് പ്രവാചകൻ(സ്വ) പഠിപ്പിക്കുന്നുണ്ട്. ഒരു നബിവചനം ഇങ്ങനെയാണ്:

"സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അവന്റെ എല്ലാ കാര്യങ്ങളും അവന് ഗുണകരമാണ്. ഇത് സത്യവിശ്വാസികൾക്കല്ലാതെ മറ്റാർക്കുമില്ല. സന്തോഷം ഉണ്ടാകുമ്പോൾ അവൻ നന്ദി കാണിക്കുന്നു. അങ്ങനെ അത് അവന് നന്മയാകുന്നു. അവന് തിന്മ ബാധിക്കുമ്പോൾ ക്ഷമിക്കുകയും ചെയ്യുന്നു. അതും അവന് നന്മയാകുന്നു'' (മുസ്‌ലിം).

അല്ലാഹു പറയുന്നു: "ക്ഷമാശീലർക്കുതന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റികൊടുക്കപ്പെടുന്നത്'' (അസ്സുമർ:10).

സഹനത്തിന് സ്വർഗമാണ് പ്രതിഫലമെന്ന് നമ്മെ ക്വുർആനും തിരുസുന്നത്തും ബോധ്യപ്പെടുത്തുന്നു എന്ന് വ്യക്തം. പ്രവാചക സന്നിധിയിൽ വന്ന് തനിക്ക് ബാധിച്ച വിഷമത്തെക്കുറിച്ച് പരാതി പറഞ്ഞ ഒരു സ്ത്രീയുടെ സംഭവം ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തതായി കാണാം. ആ സംഭവം അത്വാഅ്(റ) വിവരിക്കുന്നത് ഇപ്രകാരമാണ്:

"ഇബ്നു അബ്ബാസ്(റ) എന്നോട് ചോദിച്ചു: 'സ്വർഗവാസികളിൽ പെട്ട ഒരു സ്ത്രീയെ ഞാൻ നിങ്ങൾക്ക് കാണിച്ചുതരട്ടെ?' ഞാൻ പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'ഈ കറുത്ത സ്ത്രീ; അവർ



പ്രവാചകന്റെ അടുക്കൽ വന്നു പറഞ്ഞു: 'എനിക്ക് അപസ്മാരം പിടിപെടുന്നു. അതുമൂലം എന്റെ നഗ്നത വെളിപ്പെടുന്നു. അതുകൊണ്ട് താങ്കൾ എനിക്കുവേണ്ടി പ്രാർഥിക്കണം.' പ്രവാചകൻ(സ്വ) പറഞ്ഞു: 'നീ ഉദ്ദേശിക്കുന്നുവെങ്കിൽ ക്ഷമിച്ചാൽ നിനക്കു സ്വർഗമുണ്ട്. അതല്ല, നീ അഗ്രഹിക്കുന്നുവെങ്കിൽ നിന്റെ സൗഖ്യത്തിനുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കാം.' അവർ പറഞ്ഞു: 'ഞാൻ ക്ഷമിക്കാം. എന്നാൽ എന്റെ നഗ്നത വെളിപ്പെടാതിരിക്കാൻ താങ്കൾ അല്ലാഹുവിനോട് പ്രാർഥിച്ചാലും.' അങ്ങനെ പ്രവാചകൻ(സ്വ) അതിനുവേണ്ടി പ്രാർഥിച്ചു"(ബുഖാരി, മുസ്‌ലിം).

ഈ ഹദീസിൽനിന്ന് രണ്ട് കാര്യങ്ങൾ മനസ്സിലാക്കാം:

ഒന്ന്) ഏത് അസുഖം ബാധിച്ചാലും നമ്മൾ സഹനവും ക്ഷമയും പാലിക്കുന്നുവെങ്കിൽ നമുക്ക് സ്വർഗമാണ് പ്രതിഫലമുള്ളത്.

രണ്ട്) തനിക്കു ബാധിച്ച രോഗത്താൽ ബോധക്ഷയം സംഭവിക്കുകയും തന്റെ ശരീരത്തിൽനിന്നും വസ്ത്രം നീങ്ങിപ്പോകുകയും ചെയ്യുന്നുവെന്ന് അവർ അറിയിക്കുന്നു; തന്റെ നഗ്നത വെളിപ്പെടാതിരിക്കാൻ പ്രാർഥിക്കണമെന്ന് അവർ അപേക്ഷിക്കുകയും ചെയ്യുന്നു. കാരണം നബി(സ്വ) പ്രാർഥിച്ചാൽ ഉത്തരം കിട്ടുമെന്ന ഉറച്ച വിശ്വാസം അവർക്കുണ്ട്.

താൻ അറിയാതെ, തന്റെ കഴിവിൽപെടാത്ത കാര്യങ്ങൾകൊണ്ട് പോലും തന്റെ നഗ്നത വെളിവാകുന്നുവെന്ന മനഃപ്രയാസമാണ് ആ സ്വഹാബി മഹതിയുടെ പരാതി. വസ്ത്രമുണ്ടായിട്ടും തന്റെ മേനിയഴക് പ്രദർശിപ്പിച്ച് നടക്കുന്ന സ്ത്രീകളുടെ കാര്യം എത്ര ഗൗരവമുള്ളതായിരിക്കുമെന്ന് പറയേണ്ടതില്ലല്ലൊ. നഗ്നത പ്രദർശിപ്പിക്കുന്നവർക്ക് സ്വർഗത്തിന്റെ പരിമളം പോലും ലഭിക്കുകയില്ലെന്ന് പ്രവാചകൻ (സ്വ) പഠിപ്പിക്കുന്നു:

"സ്വർഗത്തിൽ അവർ പ്രവേശിക്കുന്നില്ല. സ്വർഗത്തിന്റെ പരിമളം പോലും ലഭിക്കുകയില്ല" (ബുഖാരി, മുസ്‌ലിം).

**രോഗമുണ്ടാകുമ്പോൾ അസ്വസ്ഥത കാണിച്ച് ആ രോഗത്തെ ചീത്തപറയുന്ന സ്വഭാവത്തെ നബി(സ്വ) ഗൗരവത്തോടെ വിലക്കുകയാണ് ചെയ്തിട്ടുള്ളത്. രോഗിയായി കിടക്കുന്ന ഒരു സ്ത്രീയെ പ്രവാചകൻ(സ്വ) സന്ദർശിക്കുകയും അവരോട് ഇപ്രകാരം ചോദിക്കുകയും ചെയ്തു: "ഉമ്മു സാബിബ് -അല്ലെങ്കിൽ ഉമ്മു മുസ്വയ്യിബ്-നിനക്കെന്തു പറ്റി? നീ എന്താണു വിറയ്ക്കുന്നത്?'' അവർ പറഞ്ഞു: "പനിയാണ്. അതിൽ അല്ലാഹു അനുഗ്രഹിക്കാതിരിക്കട്ടെ.'' അപ്പോൾ പ്രവാചകൻ (സ്വ) പറഞ്ഞു: "നീ പനിയെ ശപിക്കരുത്. കാരണം അത് ആദമിന്റെ സന്തതികളുടെ പാപങ്ങൾ ഇല്ലാതാക്കും; ഉല ഇരുമ്പിന്റെ മാലിന്യങ്ങൾ ഇല്ലാതാക്കുന്നതുപോലെ'' (മുസ്‌ലിം). നമ്മുടെ വീട്ടുകാരെയും കുടുംബങ്ങളെയും പഠിപ്പിക്കേണ്ട മഹത്തായ സന്ദേശമാണ് പ്രവാചകൻ (സ്വ) ആ സ്ത്രീക്ക് പകർന്നുനൽകിയത്.**

രോഗമുണ്ടാകുമ്പോൾ അസ്വസ്ഥത കാണിച്ച് ആ രോഗത്തെ ചീത്തപറയുന്ന സ്വഭാവത്തെ നബി(സ്വ) ഗൗരവത്തോടെ വിലക്കുകയാണ് ചെയ്തിട്ടുള്ളത്. രോഗിയായി കിടക്കുന്ന ഒരു സ്ത്രീയെ പ്രവാചകൻ(സ്വ) സന്ദർശിക്കുകയും അവരോട് ഇപ്രകാരം ചോദിക്കുകയും ചെയ്തു:

"ഉമ്മു സാബിബ് -അല്ലെങ്കിൽ ഉമ്മു മുസ്വയ്യിബ്-നിനക്കെന്തു പറ്റി? നീ എന്താണു വിറയ്ക്കുന്നത്?" അവർ പറഞ്ഞു: "പനിയാണ്. അതിൽ അല്ലാഹു അനുഗ്രഹിക്കാതിരിക്കട്ടെ." അപ്പോൾ പ്രവാചകൻ (സ്വ) പറഞ്ഞു: "നീ പനിയെ ശപിക്കരുത്. കാരണം അത് ആദമിന്റെ സന്തതികളുടെ പാപങ്ങൾ ഇല്ലാതാക്കും; ഉല ഇരുമ്പിന്റെ മാലിന്യങ്ങൾ ഇല്ലാതാക്കുന്നതുപോലെ" (മുസ്‌ലിം).

നമ്മുടെ വീട്ടുകാരെയും കുടുംബങ്ങളെയും പഠിപ്പിക്കേണ്ട മഹത്തായ സന്ദേശമാണ് പ്രവാചകൻ (സ്വ) ആ സ്ത്രീക്ക് പകർന്നുനൽകിയത്. പ്രശ്നങ്ങളിലും പരീക്ഷണങ്ങളിലും അവിശ്വാസത്തിന്റെ വാക്കുകൾ ഉരുവിടാതെ, മനസ്സിനെ ഈമാനിൽ നിലനിർത്തി ക്ഷമിക്കാനും സഹിക്കാനും സത്യവിശ്വാസിക്ക് സാധിക്കേണ്ടതുണ്ട്.

മഹാനായ പ്രവാചകൻ അയ്യൂബ് നബി(അ) രോഗംകൊണ്ട് കഷ്ടപ്പെട്ടപ്പോൾ അങ്ങേയറ്റം ക്ഷമിച്ച്

**ഒരു വിശ്വാസിയുടെ ജീവിതവിജയത്തിനായി മറ്റുള്ളവരെ ഏതെങ്കിലും രൂപത്തിൽ ചൂഷണം ചെയ്യാൻ ഇസ്‌ലാം പറയുന്നില്ല. അതിനുള്ള എല്ലാ പഴുതുകളും അടച്ചുകൊണ്ടുള്ളതാണ് ഇസ്‌ലാമിലെ ആചാരാനുഷ്ഠാനങ്ങൾ. മനുഷ്യന്റെ കഴിവുകളിൽ പരിമിതമാണ് ഇസ്‌ലാമിന്റെ ഓരോ കൽപനയും. അപരനെ സഹായിക്കുകയും ആദരിക്കുകയും മാനിക്കുകയും ചെയ്യുന്നതിലാണ് പുണ്യമുള്ളതെന്നതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മറ്റുള്ളവന്റെ ജീവന് വിലകൽപിക്കുന്ന ദൈവികമതം സ്വീകരിച്ച ഒരു വിശ്വാസിക്ക് മനുഷ്യരക്തം ചിന്തിയുള്ള ആചാരങ്ങൾ അന്യമാണെന്നർഥം.**

പ്രാർഥനയിൽ കഴിഞ്ഞുകൂടിയതിന്റെ ചരിത്രം വിശുദ്ധ ക്വുർആനിൽ കാണാം:

"അയ്യൂബിനെയും (ഓർക്കുക). തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽവെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ" (അൽഅമ്പിയാഅ്:83).

ക്വുർആനിലൂടെ അല്ലാഹു അയ്യൂബ് നബി(അ)യെ പ്രത്യേകം പ്രശംസിച്ചുപറഞ്ഞത് നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്. കഠിനമായ പരീക്ഷണങ്ങൾക്ക് വിധേയനായിട്ടും അയ്യൂബ് നബി(അ) പതറിയിട്ടില്ല. അക്ഷമയുടെവാക്ക് ഉരുവിട്ടില്ല.

അല്ലാഹു പറയുന്നു: "തീർച്ചയായും അദ്ദേഹത്തെ നാം ക്ഷമാശീലനായി കണ്ടു. വളരെ നല്ല ദാസൻ! തീർച്ചയായും അദ്ദേഹം ഏറെ ഖേദിച്ചുമടങ്ങുന്നവനാകുന്നു" (സൂറതുസ്സ്വാദ്:44).

ആരോഗ്യവും സൗഖ്യവുമുള്ളപ്പോൾ ഒരുവേള സ്രഷ്ടാവിനെ മറക്കുകയും കഷ്ടപ്പൊടുണ്ടാകുമ്പോൾ അവനെ വിളിച്ച് വിലപിക്കുകയും ചെയ്യുന്ന മനുഷ്യർ ധാരാളമുണ്ട്. ജീവിതത്തിലെ നേട്ടങ്ങളുടെ ലഹരിയിൽ അഹങ്കാരത്തോടെ ജീവിക്കുന്നവവരുടെ അഹങ്കാരത്തിന് കുറവു വരാൻ അവരെ ബാധിക്കുന്ന വലിയ രോഗങ്ങൾ കാരണമാകാറുണ്ട്. എനിക്ക് ആരുടെയും സഹായമാവശ്യമില്ല; ഞാൻ വലിയവനാണെന്ന ദുഷിച്ചചിന്ത മനുഷ്യനെ അഹങ്കാരിയാക്കുകയും ഈ മാനസികാവസ്ഥ അവനെ ദൈവനിഷേധത്തിലേക്ക് നയിക്കുകയും ചെയ്യാം.

അല്ലാഹു പറയുന്നു: "നിസ്സംശയം; മനുഷ്യൻ തന്നെ സ്വയം പര്യാപ്തനായി കണ്ടതിനാൽ ധിക്കാരിയായിത്തീരുന്നു" (അൽഅലക്വ്: 6,7).

ഒരു തലവേദന വന്നാൽപോലും ഇബാദത്തുകൾ ഒഴിവാക്കി അസ്വസ്ഥത കാണിക്കുന്നവരുമുണ്ട്. നബി(സ്വ) പറഞ്ഞിട്ടുള്ളത് നല്ല ആരോഗ്യമുള്ള അവസ്ഥയിൽ നന്നായി ഇബാദത്തുകളിൽ ശ്രദ്ധിക്കുവാനാണ്.

**രോഗാവസ്ഥയിലും പ്രതിഫലമുണ്ട്**

ആരോഗ്യാവസ്ഥയിൽ മനുഷ്യൻ ചെയ്തിരുന്ന സൽകർമങ്ങളുടെ അതേ പ്രതിഫലംതന്നെ രോഗാവസ്ഥയിലും അവന് ലഭിക്കുമെന്ന് പ്രവാചകൻ(സ്വ) പ്രസ്താവിച്ചതായി കാണാം:

"അടിമ രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ താൻ ആരോഗ്യാവസ്ഥയിൽ കഴിഞ്ഞിരുന്നപ്പോഴുള്ള പ്രതിഫലം അവന് നൽകപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം).

രണ്ടു കാര്യങ്ങൾ ഈ ഹദീസിൽനിന്ന് ഗ്രഹിക്കാം:

1) ആരോഗ്യസമയത്ത് സൽകർമങ്ങളിൽ നിരതനായാൽ അത് മനുഷ്യന് നന്മയാണ്.

2) രോഗാവസ്ഥയോ യാത്രയോ അവന് ഉണ്ടായാൽ അവന്റെ മുമ്പുള്ള ജീവിതത്തിലെ നന്മകൾക്ക് അനുയോജ്യമായ പ്രതിഫലം ഈ അവസ്ഥകളിലും അല്ലാഹു നൽകുന്നതാണ്.

മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: "ജനങ്ങളിൽ ഒരാൾക്ക് ശാരീരികമായി വല്ലതും ബാധിച്ചാൽ അവനെ സംരക്ഷിക്കുന്ന മലക്കുകളോട് അല്ലാഹു കൽപിക്കുന്നതാണ്: ആരോഗ്യമുണ്ടായിരുന്ന സമയത്ത് സൽകർമങ്ങൾ ചെയ്തതുപോലെയുള്ള പ്രതിഫലം എല്ലാ ദിനരാത്രങ്ങളിലും എന്റെ അടിമക്ക് നിങ്ങൾ രേഖപ്പെടുത്തിക്കൊള്ളുക" (മുസ്നദ് അഹ്മദ്).

അഞ്ചുനേരം കൃത്യമായി ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കുന്ന ഒരു വ്യക്തി രോഗിയാവുകയും ആഗ്രഹമുണ്ടെങ്കിലും പള്ളിയിൽ പോകുവാൻ സാധിക്കാതിരിക്കുകയും ചെയ്താൽ ആ വിശ്വാസിക്ക് പതിവായുള്ള സൽകർമങ്ങൾക്ക് ലഭിക്കുന്ന അതേപ്രതിഫലംതന്നെ കാരുണ്യവാനായ അല്ലാഹു നൽകുന്നതാണെന്ന് ഈ നബിവചനങ്ങളിൽനിന്നും ഗ്രഹിക്കുവാൻ കഴിയുന്നു. സത്യവിശ്വാസിക്ക് രോഗാവസ്ഥയും പ്രതിഫലം ലഭിക്കപ്പെടുന്ന സുവർണാവസരമാണെന്നർഥം!

തനിക്ക് നഷ്ടപ്പെടുന്ന ജമാഅത്ത് നമസ്കാരങ്ങൾ ഓർത്ത് ദുഃഖിക്കുന്ന സത്യവിശ്വാസിക്ക് വലിയ പ്രതിഫലം ഉണ്ടായിരിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. നിസ്സാര രോഗങ്ങളുടെ പേരിൽ അമലുകൾക്ക് മുടക്കം വരുത്തുന്നവരുടെ എണ്ണം കൂടുകയും കിട്ടിയ സമയങ്ങളിൽ സൽകർമനിരതരായി കഴിയുന്നവരുടെ എണ്ണം കുറഞ്ഞുവരികയും ചെയ്യുന്ന ഇക്കാലത്ത് മുകളിൽ സൂചിപ്പിക്കപ്പെട്ട നബിവചനങ്ങൾ വളരെ പ്രസക്തമാണ്. ഏത് രോഗമായാലും ക്ഷമിക്കാനും സഹിക്കാനും അല്ലാഹുവിനെ കുറിച്ചുള്ള സദ്വിചാരം നിലനിർത്താനും യഥാർഥ വിശ്വാസിക്ക് മാത്രമെ സാധിക്കുകയുള്ളൂ.

താങ്ങാൻ കഴിയാത്ത പരീക്ഷണങ്ങൾ വിശ്വാസിക്ക് പ്രതിഫലത്തിന്റെ പർവതങ്ങളാണ് സമ്മാനിക്കുന്നതെന്നും പരലോകത്ത്

അവന്റെ പദവികൾ ഉയരാൻ രോഗങ്ങളും പ്രയാസങ്ങളും കാരണമാകുമെന്നും വിശ്വാസി മനസ്സിലാക്കുമ്പോൾ അവന്റെ മനസ്സ് അനുഭവിക്കുന്ന സന്തോഷം അനിർവചനീയമായിരിക്കും.

**പരീക്ഷണങ്ങളിൽ ക്ഷമയവലംബിക്കുക**

എത്ര വലിയ പരീക്ഷണത്തിൽ അകപ്പെട്ടാലും ഇസ്‌ലാം ഒരു മനുഷ്യനോട് പറയുന്നത്, മരണത്തിനു തിടക്കം കൂട്ടരുതെന്നാണ്. റസൂൽ (സ്വ) പറഞ്ഞു: "തനിക്ക് ബാധിച്ച വിഷമം നിമിത്തം നിങ്ങളിലാരും തന്നെ മരണത്തെ കൊതിക്കരുത്. അവന് വല്ലതും പ്രാർഥിക്കണമെന്നുണ്ടെങ്കിൽ അവൻ പറയേണ്ടത് ഇപ്രകാരമാണ്: അല്ലാഹുവേ, ജീവിതമാണ് എനിക്ക് നന്മയെങ്കിൽ എന്നെ നീ ജീവിപ്പിക്കേണമേ. മരണമാണ് എനിക്ക് നന്മയെങ്കിൽ എന്നെ നീ മരിപ്പിക്കുകയും ചെയ്യേണമേ" (ബുഖാരി).

വിഷമഘട്ടത്തിൽ 'എന്നെ മരിപ്പിക്കേണമേ' എന്ന് പ്രാർഥിക്കുവാൻ പാടില്ല. കാരണം, നമ്മെ പിടികൂടിയ ദുരിതം കുറച്ച് കഴിഞ്ഞാൽ നീങ്ങിക്കൂടായ്കയില്ല. നമുക്കറിയില്ലല്ലോ, എന്താണ് നമ്മുടെ ഭാവി എന്ന്. എത്രയോ രോഗികൾ മരണത്തിന്റെ വക്കിലെത്തിയ അവസ്ഥയിൽനിന്നും ജീവിതത്തിലേക്ക് തിരിച്ചുവന്നതായി നമുക്കറിയാം. ഇനി രക്ഷയില്ല എന്ന് ഡോക്ടർമാർ വിധിയെഴുതിയ എത്രയോ രോഗികൾ രോഗം പൂർണമായും മാറി ജീവിതം നയിക്കുന്നുണ്ട്. അത്കൊണ്ട് ഇത്തരം ഘട്ടങ്ങളിൽ അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ച് മനസ്സറിഞ്ഞ് പ്രാർഥിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അല്ലാതെ മരിപ്പിക്കുവാൻ പ്രാർഥിക്കുകയല്ല. ഏതാണ് ഉത്തമമെന്ന് നന്നായി അറിയുന്നവൻ അല്ലാഹുവാണല്ലോ.

"...എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല" (അൽബക്വറ: 216).

തൊട്ടടുത്ത നിമിഷംപോലും എന്താണ് നമുക്ക് സംഭവിക്കുക എന്ന് നമുക്കറിയില്ല. അതുകൊണ്ട് തന്നെ ഏത് വിഷമഘട്ടത്തിലും നാം മരണം കൊതിക്കാൻ പാടില്ല. അല്ലാഹുവിൽ നാം ഭരമേൽപിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇതിലൂടെ നബി(സ) നമ്മെ പഠിപ്പിക്കുന്നത്.



**വിഷമഘട്ടത്തിൽ 'എന്നെ മരിപ്പിക്കേണമേ' എന്ന് പ്രാർഥിക്കുവാൻ പാടില്ല. കാരണം, നമ്മെ പിടികൂടിയ ദുരിതം കുറച്ച് കഴിഞ്ഞാൽ നീങ്ങിക്കൂടായ്കയില്ല. നമുക്കറിയില്ലല്ലോ, എന്താണ് നമ്മുടെ ഭാവി എന്ന്. എത്രയോ രോഗികൾ മരണത്തിന്റെ വക്കിലെത്തിയ അവസ്ഥയിൽനിന്നും ജീവിതത്തിലേക്ക് തിരിച്ചുവന്നതായി നമുക്കറിയാം. ഇനി രക്ഷയില്ല എന്ന് ഡോക്ടർമാർ വിധിയെഴുതിയ എത്രയോ രോഗികൾ രോഗം പൂർണമായും മാറി ജീവിതം നയിക്കുന്നുണ്ട്. അതുകൊണ്ട് ഇത്തരം ഘട്ടങ്ങളിൽ അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ച് മനസ്സറിഞ്ഞ് പ്രാർഥിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അല്ലാതെ മരിപ്പിക്കുവാൻ പ്രാർഥിക്കുകയല്ല. ഏതാണ് ഉത്തമമെന്ന് നന്നായി അറിയുന്നവൻ അല്ലാഹുവാണല്ലോ.**

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു" (സൂറതുശ്ശൂറാ:30).

മനുഷ്യരുടെ തിന്മകൾ കാരണമായി അല്ലാഹു അവരെ ശിക്ഷിക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ ഈ ഭൂമുഖത്ത് ആരും തന്നെ അവശേഷിക്കുകയില്ല. എന്നാൽ ദയാലുവും കാരുണ്യവാനുമായ അല്ലാഹു അത് ചെയ്യുന്നില്ല. ദൈവിക ശിക്ഷകളും പരീക്ഷണങ്ങളും മനുഷ്യന്റെ കരങ്ങൾ പ്രവർത്തിച്ചതിന്റെ അനന്തരഫലങ്ങളാണ് എന്നത് ഏതൊരു വ്യക്തിയെയും തന്റെ ഇന്നലകളിലെ വഴിവിട്ട ജീവിതത്തെ കുറിച്ചും അല്ലാഹുവിനെ മറന്ന് താന്തോന്നിയായി ഇവിടെ വിഹരിച്ചതിനെ കുറിച്ചും പുനർവിചിന്തനം നടത്തുവാനും ജീവിതം നന്നാക്കുവാനും സഹായമാകുന്നു.

തന്റെ റബ്ബ്, തന്റെ ദുഷ്ചെയ്തികൾ നിമിത്തം ഈ ലോകത്ത് വെച്ചും തന്നെ ശിക്ഷിക്കുമെന്ന് ഓരോ വ്യക്തിയും മനസ്സിലാക്കിയാൽ തിൻമകളിൽ നിന്നും മുക്തമാകുവാനും നൻമകളിൽ ജീവിതം കെട്ടിപ്പടുക്കുവാനും അവന് സാധിക്കും. ഇതാണ് സത്യവിശ്വാസിയുടെ സൽഗുണം. കാരണം, അവൻ വിനയാന്വിതനായി അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുന്നു. വിനയാന്വിതനായ ഒരു സത്യവിശ്വാസി ആത്മാർഥമായി പൊറുക്കലിനെ തേടുന്നവനായിരിക്കും.

ക്വുർആൻ പറയുന്നു: "അതിന് (അവിശ്വാസത്തിനു) ശേഷം പശ്ചാത്തപിക്കുകയും ജീവിതം നന്നാക്കിത്തീർക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അല്ലാഹു ഏറെ പൊറുക്കുന്നവനും അത്യധികം കരുണ കാണിക്കുന്നവനുമാകുന്നു" (ആലുഇംറാൻ: 89).

(തുടരും)



# ഇതരമതസ്ഥരോടുള്ള സമീപനം: ഇസ്‌ലാമിക ചരിത്രത്തിലെ മഹനീയ മാതൃകകൾ

ഡോ. ടി. കെ യൂസുഫ്
:9349798262

ഇസ്‌ലാമിക ചരിത്രം പരിശോധിക്കുകയാണെങ്കിൽ അന്യമതസ്ഥരോട് സൗഹാർദത്തിലും സഹകരണത്തിലും വർത്തിച്ചതിന്റെ ധാരാളം മാതൃകകൾ കാണാനാവും. ഇസ്‌ലാമിക പ്രബോധന രംഗത്ത് ദിവ്യസന്ദേശത്തിന്റെ അജയ്യതകൊണ്ടും അമാനുഷികതകൊണ്ടും വെല്ലുവിളിച്ചു എന്നല്ലാതെ ആരെയും നിർബന്ധിച്ച് മതപരിവർത്തനം നടത്തിയതായി കാണാനാകില്ല. പ്രസിദ്ധ ചരിത്രകാരനായ തോമസ് അർനോൾഡ് പറയുന്നത് 'അമുസ്‌ലിംകളെ ഇസ്‌ലാം സ്വീകരിപ്പിക്കുന്നതിനോ ക്രിസ്തുമതത്തെ നിർമാർജനം ചെയ്യുന്നതിനോ ബോധപൂർവമായ ഒരു പരിശ്രമം നടന്നതായി കേട്ടിട്ടില്ല' എന്നാണ്.

പ്രവാചകന്റെ കാലശേഷം വന്ന സച്ചരിതരായ ഖലീഫമാരുടെ കാലഘട്ടത്തിൽ മുസ്‌ലിംകൾ അന്യ മതസ്ഥരെ സാമ്പത്തികമായും ശാരീരികമായും സഹായിച്ച ധാരാളം തെളിവുകൾ കണ്ടെത്താൻ കഴിയും. ഒന്നാം ഖലീഫ അബൂബക്ർ(റ) ഇറാഖിലെ ഹീറയിലെ ദിമ്മീ കാഫിറുകളുടെ കാര്യത്തിൽ ഖാലിദ് ബിൻ വലീദിന് ഇപ്രകാരം എഴുതി: 'ഏതെങ്കിലും ഒരു വൃദ്ധന് ജോലി ചെയ്യാൻ കഴിയാത്തവിധം ദൗർബല്യമുണ്ടെങ്കിൽ, അല്ലെങ്കിൽ ഒരു സമ്പന്നന് വല്ല വിപത്തും ബാധിച്ച് അവൻ ദരിദ്രനായിമാറിയാൽ, എന്നിട്ട് അവന്റെ മതത്തിലെ ആളുകളോ

**ഇസ്‌ലാമിക രാജ്യത്ത് ജീവിച്ചിരുന്നവർ, അവർ ഏത് മതക്കാരായാലും അവരുടെ ആവശ്യങ്ങളും അവകാശങ്ങളും നിറവേറ്റപ്പെട്ടിരുന്നു. അടിസ്ഥാന ജീവിത പ്രശ്നങ്ങളിൽ യാതൊരു വേർതിരിവും അവർ അഭിമുഖീകരിച്ചിരുന്നില്ല. ജീവിത ആവശ്യങ്ങൾക്ക് വേണ്ടി മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടുന്ന അവസ്ഥ ഇല്ലാത്തവിധം പൊതുഖജനാവിൽനിന്ന് അവർക്ക് ഒരു വിഹിതം നൽകിയിരുന്നു. അബൂബക്ർ(റ) സൈന്യങ്ങളെ യുദ്ധത്തിന് അയക്കുന്ന സമയത്ത് ഇപ്രകാരം നിർദേശം നൽകിയിരുന്നു: 'നിങ്ങൾ മഠങ്ങളിൽ ആരാധനയിൽ മുഴുകിയിരിക്കുന്ന പുരോഹിതന്മാരുടെ അടുത്തുകൂടെ കടന്നു പോകാൻ ഇടയുണ്ട്. അവരെ നിങ്ങൾ ഉപദ്രവിക്കുകയോ, അവരുടെ മഠങ്ങൾ നിങ്ങൾ തകർക്കുകയോ ചെയ്യരുത്.'**

ട് സഹായം ചോദിക്കേണ്ട അവസ്ഥയാണ് അവനുള്ളതെങ്കിൽ അവന് ജിസ്‌യ ഒഴിവാക്കി കൊടുക്കുകയും അവന്റെയും അവന്റെ ആശ്രിതരുടെയും കാര്യം പൊതുഖജനാവിൽ നിന്നും നിർവഹിക്കപ്പെടുകയും വേണം.'


ഇസ്‌ലാമിക രാജ്യത്ത് ജീവിച്ചിരുന്നവർ, അവർ ഏത് മതക്കാരായാലും അവരുടെ ആവശ്യങ്ങളും അവകാശങ്ങളും നിറവേറ്റപ്പെട്ടിരുന്നു. അടിസ്ഥാന ജീവിത പ്രശ്നങ്ങളിൽ യാതൊരു വേർതിരിവും അവർ അഭിമുഖീകരിച്ചിരുന്നില്ല. ജീവിത ആവശ്യങ്ങൾക്ക് വേണ്ടി മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടുന്ന അവസ്ഥ ഇല്ലാത്തവിധം പൊതുഖജനാവിൽനിന്ന് അവർക്ക് ഒരു വിഹിതം നൽകിയിരുന്നു.

അബൂബക്ർ(റ) സൈന്യങ്ങളെ യുദ്ധത്തിന് അയക്കുന്ന സമയത്ത് ഇപ്രകാരം നിർദേശം നൽകിയിരുന്നു: 'നിങ്ങൾ മഠങ്ങളിൽ ആരാധനയിൽ മുഴുകിയിരിക്കുന്ന പുരോഹിതന്മാരുടെ അടുത്തുകൂടെ കടന്നു പോകാൻ ഇടയുണ്ട്. അവരെ നിങ്ങൾ ഉപദ്രവിക്കുകയോ, അവരുടെ മഠങ്ങൾ നിങ്ങൾ തകർക്കുകയോ ചെയ്യരുത്.'

ഖലീഫ ഉമർ(റ) തന്റെ ഭരണത്തിൻ കീഴിലുള്ള ദിമ്മീ കാഫിർ എന്ന പേരിലറിയപ്പെടുന്ന മുസ്‌ലിംകളുടെ സംരക്ഷണത്തിലുള്ള അവിശ്വാസികളോട് മാന്യമായി പെരുമാറുകയും അവരുമായുള്ള ഉടമ്പടികൾ പൂർത്തീകരിക്കുകയും അവർക്ക് വേണ്ടി യുദ്ധം ചെയ്യുകയും ചെയ്തിരുന്നു. അവരുടെ കഴിവിൽ കവിഞ്ഞ യാതൊരു ബാധ്യതയും അദ്ദേഹം അവരെ ഏൽപിച്ചിരുന്നില്ല.

ഉമർ(റ) ഒരിക്കൽ ഒരു ജനതയുടെ അടുത്തുകൂടെ നടന്ന് പോകുകയായിരുന്നു. അപ്പോൾ അവിടെ കണ്ണുകാണാത്ത ഒരു കിഴവൻ യാചിക്കുന്നതായി കണ്ടു. ഉമർ(റ) അദ്ദേഹത്തിന്റെ ചുമലിൽ കൈ വച്ചു കൊണ്ട് ചോദിച്ചു: 'വേദക്കാരിൽ ഏത് വിഭാഗത്തിലാണ് താങ്കൾ?' അദ്ദേഹം പറഞ്ഞു: 'ഞാൻ ജൂതനാണ്.' ഉമർ(റ) ചോദിച്ചു: 'താങ്കളെ ഈ കാണുന്ന അവസ്ഥയിലേക്ക് എത്തിച്ചത് എന്താണ്?' അദ്ദേഹം പഞ്ഞു: 'ആവശ്യം, വാർധക്യം, ജിസ്‌യ എന്നിവയാണ് എന്നെ ഇതിന് പ്രേരിപ്പിച്ചത്.' ഉമർ(റ) അദ്ദേഹത്തെ കൈപിടിച്ച് വീട്ടിലേക്ക് കൊണ്ടുപോയി അവിടെ ഇരുത്തിയിട്ട് പൊതുഖജനാവിന്റെ ചുമതലക്കാരനെ






വിളിച്ചു. എന്നിട്ട് പറഞ്ഞു: 'ഇദ്ദേഹത്തെയും ഇദ്ദേഹത്തിന് നാം ചുമത്തിയ നികുതിയും നോക്കൂ. നാം ഇദ്ദേഹത്തോട് നീതികാണിച്ചില്ല. ഇയാളുടെ യൗവനം നാം ഭക്ഷിച്ചു. ഇനി വാർധക്യത്തിൽ അദ്ദേഹത്തെ കൈവിടാൻ പാടില്ല. ദാനധർമങ്ങൾ അഗതികൾക്കും പാവപ്പെട്ടവർക്കുമുള്ളതാണ്. ഇദ്ദേഹം വേദക്കാരിൽ പെട്ട ഒരു അഗതിയാണ്. ഇയാളുടെ നികുതി ഒഴിവാക്കിക്കൊടുക്കുകയും ആവശ്യം നിർവഹിക്കുകയും ചെയ്യുക.'

ഒരിക്കൽ ഉമർ(റ) തന്റെ വസ്ത്രത്തിന്റെ കേടുപാട് തീർക്കുന്ന സമയത്ത് മറു വസ്ത്രമായി ഒരു ക്രിസ്ത്യാനിയുടെ വസ്ത്രം ധരിച്ചതായും ക്രിസ്ത്യാനികളുടെ പാത്രത്തിൽനിന്ന് നമസ്കാരത്തിന് അംഗശുദ്ധി വരുത്തിയതായും ചരിത്രത്തിൽ കാണാവുന്നതാണ്.

അബ്ദുല്ലാഹിബിൻ ഉമർ(റ) ഒരിക്കൽ ഒരു ആടിനെ അറുത്ത് തന്റെ ഭൃത്യനോട് പറഞ്ഞു: 'ആദ്യം നമ്മുടെ അയൽക്കാരനായ ജൂതന് നൽകണം.' ആളുകൾ ചോദിച്ചു: 'ജൂതനോ?' അദ്ദേഹം പറഞ്ഞു: 'പ്രവാചകൻ(സ്വ) അയൽക്കാരന്റെ കാര്യം ഞങ്ങളെ ഉപദേശിച്ചുകൊണ്ടേയിരുന്നു. അവന് അനന്തരസ്വത്ത് നൽകേണ്ടി വരുമോ എന്നുപോലും ഞങ്ങൾ ഭയപ്പെട്ടു.'

ഉമർ ബിൻ അബ്ദുൽ അസീസ് (റഹി) തന്റെ ഭരണച്ചുമതല വഹിക്കുന്ന അദിയ്യിനോട് ഇപ്രകാരം പറഞ്ഞു: 'ദിമ്മീ കാഫിറുകളിൽ പെട്ട പ്രായമായവരെയും ദുർബലരേയും വരുമാനമില്ലാത്തവരെയും പരിഗണിക്കുകയും അവരുടെ ആവശ്യങ്ങൾക്ക് വേണ്ടത് പൊതുമുതലിൽനിന്ന് നൽകുകയും വേണം.'

അദ്ദേഹത്തിന്റെ സദസ്സിൽനിന്ന് ഒരിക്കൽ ഇപ്രകാരം ഒരു വിളംബരം ഉണ്ടായി: 'ആർക്കെങ്കിലും വല്ല പ്രശ്നവുമുണ്ടെങ്കിൽ അവൻ അത് ഉന്നയിക്കട്ടെ.' അപ്പോൾ ഹിംസിലെ ഒരു ദിമ്മീ കാഫിർ എഴുന്നേറ്റ് നിന്നുകൊണ്ട് പറഞ്ഞു: 'ദൈവത്തിന്റെ വേദം മുൻനിർത്തി ഞാൻ താങ്കളോട് ചോദിക്കുകയാണ്.' ഖലീഫ ചോദിച്ചു: 'എന്താണ് അത്?' അദ്ദേഹം പറഞ്ഞു: 'അബ്ബാസ് ബിൻ വലീദ് എന്റെ ഭൂമി കവർന്നെടുത്തു.' അബ്ബാസ് അവിടെയുണ്ടായിരുന്നു. ഖലീഫ ചോദിച്ചു: 'അബ്ബാസ്, നിനക്ക് എന്ത് പറയാനുണ്ട്?' അദ്ദേഹം പറഞ്ഞു: 'ശരിയാണ്. വലീദാണ് എനിക്ക് ആ

**അബ്ദുല്ലാഹിബിൻ ഉമർ(റ) ഒരിക്കൽ ഒരു ആടിനെ അറുത്ത് തന്റെ ഭൃത്യനോട് പറഞ്ഞു: 'ആദ്യം നമ്മുടെ അയൽക്കാരനായ ജൂതന് നൽകണം.' ആളുകൾ ചോദിച്ചു: 'ജൂതനോ?' അദ്ദേഹം പറഞ്ഞു: 'പ്രവാചകൻ(സ്വ) അയൽക്കാരന്റെ കാര്യം ഞങ്ങളെ ഉപദേശിച്ചുകൊണ്ടേയിരുന്നു. അവന് അനന്തരസ്വത്ത് നൽകേണ്ടി വരുമോ എന്നുപോലും ഞങ്ങൾ ഭയപ്പെട്ടു.'**
**ഉമർ ബിൻ അബ്ദുൽ അസീസ് (റഹി) തന്റെ ഭരണച്ചുമതല വഹിക്കുന്ന അദിയ്യിനോട് ഇപ്രകാരം പറഞ്ഞു: 'ദിമ്മീ കാഫിറുകളിൽപെട്ട പ്രായമായവരെയും ദുർബലരേയും വരുമാനമില്ലാത്തവരെയും പരിഗണിക്കുകയും അവരുടെ ആവശ്യങ്ങൾക്ക് വേണ്ടത് പൊതുമുതലിൽനിന്ന് നൽകുകയും വേണം.'**



ഭൂമി വീതിച്ചുതന്നത്. അതിനുള്ള രേഖയും അദ്ദേഹം തന്നിട്ടുണ്ട്.' ഖലീഫ ദിമ്മിയോട് ചോദിച്ചു: 'എന്താണ് പറയാനുള്ളത്?' അദ്ദേഹം പറഞ്ഞു: 'ദൈവിക ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ചോദിക്കുന്നത്.' ഖലീഫ 'വലീദിന്റെ രേഖയെക്കാൾ അല്ലാഹുവിന്റെ രേഖയാണ് പരിഗണിക്കേണ്ടത്' എന്ന് പറഞ്ഞ് ഭൂമി തിരിച്ചുനൽകാൻ ഉത്തരവിട്ടു.

പ്രവാചകന്റെ ജീവിതം പരിശോധിക്കുകയാണെങ്കിൽ അദ്ദേഹം ഈ ലോകത്തോട് വിട പറയുന്ന സമയത്ത് തന്റെ അങ്കി ഒരു ജൂതന്റെ അടുക്കൽ പണയത്തിലായിരുന്നു. അത് തനിക്കും കുടുംബത്തിനും ഭക്ഷണത്തിന് വേണ്ട ധാന്യത്തിനുവേണ്ടി പണയപ്പെടുത്തിയതായിരുന്നു. പ്രവാചകത്വത്തിന്റെ അവസാന ഘട്ടത്തിലാണ് ഇത് സംഭവിച്ചത്. അന്ന് മുസ്‌ലിംകളുടെ കൂട്ടത്തിൽതന്നെ സാമ്പത്തിക ശേഷിയുള്ളവർ ധാരാളം ഉണ്ടായിരുന്നു. എന്നിട്ട് ജൂതനുമായി നടത്തിയ ഈ ഇടപാടിൽനിന്നും സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ അന്യമതസ്ഥരോട് സഹകരിക്കുന്നതിൽ തെറ്റില്ല എന്ന് സുതരാം വ്യക്തമാണ്.

മുസ്‌ലിംകളുടെ സംരക്ഷണത്തിലുള്ള അവിശ്വാസികളെ വധിക്കുന്നതിനെ വിശ്വാസികളെ വധിക്കുന്നതുപോലുള്ള ഒരു അപരാധമായിട്ടാണ് ഇസ്‌ലാം കാണുന്നത്. നബി(സ) പറഞ്ഞു: 'ആരെങ്കിലും ഒരു ഉടമ്പടിയിലുള്ളവനെ വധിച്ചാൽ അവൻ സ്വർഗത്തിന്റെ ഗന്ധം ആസ്വദിക്കുകയില്ല. അതിന്റെ സുഗന്ധം നാൽപത് വർഷത്തെ വഴിദൂരംവരെ എത്തുന്നതാണ്.'

ഒരു ഉടമ്പടിയിലുള്ളവനെ ആരെങ്കിലും അക്രമിക്കുകയോ അവന് പൊരുത്തമില്ലാത്ത വല്ലതും അവനിൽനിന്ന് എടുക്കുകയോ ചെയ്താൽ അന്ത്യദിനത്തിൽ ഞാൻ അവന്റെ എതിരാളിയായിരിക്കുമെന്നും ഹദീസുകളിലുണ്ട്. മുസ്‌ലിംകളുടെ വീടുകളിൽ അഭയംതേടിയ മുശ്‌രിക്കുകളെ സംരക്ഷിക്കണമെന്ന് കൽപിക്കുന്ന തിരുവചനങ്ങളും നമുക്ക് കാണാനാകും.

അംറുബിൻ ആസ്(റ) ഒരു പള്ളിയുടെ വിപുലീകരണാർഥം ഒരു കിബ്തി സ്ത്രീയുടെ വീടിന്റെ സ്ഥലം ആവശ്യപ്പെട്ടു. പക്ഷേ, ആ സ്ത്രീ അതിന് കൂട്ടാക്കിയില്ല. നിർബന്ധപൂർവം അവരെ ഒഴിപ്പിച്ച് പള്ളി നിർമിച്ചപ്പോൾ ആ സ്ത്രീ ഉമറുൽ ഫാറൂഖി(റ)ന്റെ അടുക്കൽ പരാതി പറഞ്ഞു. ഉടനെ ഉമർ(റ) പള്ളിയുടെ ആ ഭാഗം നീക്കം ചെയ്ത് വീട് പുനർനിർമിച്ച് നൽകാൻ ആവശ്യപ്പെട്ടു.

ഇസ്‌ലാമിക സാമ്രാജ്യത്തിന് ശക്തിയുടെയും ദൗർബല്യത്തിന്റെയും കാലഘട്ടങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. എന്നാൽ ഈ കാലഘട്ടത്തിലൊന്നും അന്യമതസ്ഥരോട് അവരുടെ വിശ്വാസം ത്യജിക്കാനോ, നിർബന്ധപൂർവം ഇസ്‌ലാം സ്വീകരിക്കാനോ ആവശ്യപ്പെട്ടിട്ടില്ല. മതത്തിൽ നിർബന്ധമില്ല എന്ന ഖുർആൻ വചനം ശരിക്കും അവർ പ്രയോഗവത്കരിച്ചിരുന്നു. ■

**പ്രവാചകൻെറ ജീവിതം പരിശോധിക്കുകയാണെങ്കിൽ അദ്ദേഹം ഈ ലോകത്തോട് വിട പറയുന്ന സമയത്ത് തന്റെ അങ്കി ഒരു ജൂതന്റെ അടുക്കൽ പണയത്തിലായിരുന്നു. അത് തനിക്കും കുടുംബത്തിനും ഭക്ഷണത്തിന് വേണ്ട ധാന്യത്തിനുവേണ്ടി പണയപ്പെടുത്തിയതായിരുന്നു. പ്രവാചകത്വത്തിന്റെ അവസാന ഘട്ടത്തിലാണ് ഇത് സംഭവിച്ചത്. അന്ന് മുസ്‌ലിംകളുടെ കൂട്ടത്തിൽതന്നെ സാമ്പത്തിക ശേഷിയുള്ളവർ ധാരാളം ഉണ്ടായിരുന്നു. എന്നിട്ട് ജൂതനുമായി നടത്തിയ ഈ ഇടപാടിൽനിന്നും സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ അന്യമതസ്ഥരോട് സഹകരിക്കുന്നതിൽ തെറ്റില്ല എന്ന് സുതരാം വ്യക്തമാണ്. നജ്റാനിൽ നിന്ന് ക്രിസ്തീയ നിവേദകസംഘം വന്നപ്പോൾ അവർക്ക് പ്രാർഥിക്കാൻ പ്രവാചകന്റെ പള്ളിയിൽ സൗകര്യം ചെയ്തുകൊടുത്തു.**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 43

# അസ്സുഖ്റുഫ്

(സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

وَإِنَّآ إِلَىٰ رَبِّنَا لَمُنقَلِبُونَ ﴿١٤﴾

وَجَعَلُواْ لَهُۥ مِنۡ عِبَادِهِۦ جُزۡءًاۚ إِنَّ ٱلۡإِنسَٰنَ لَكَفُورٞ مُّبِينٌ ﴿١٥﴾

أَمِ ٱتَّخَذَ مِمَّا يَخۡلُقُ بَنَاتٖ وَأَصۡفَىٰكُم بِٱلۡبَنِينَ ﴿١٦﴾

وَإِذَا بُشِّرَ أَحَدُهُم بِمَا ضَرَبَ لِلرَّحۡمَٰنِ مَثَلٗا ظَلَّ وَجۡهُهُۥ مُسۡوَدّٗا وَهُوَ كَظِيمٌ ﴿١٧﴾

أَوَمَن يُنَشَّؤُاْ فِي ٱلۡحِلۡيَةِ وَهُوَ فِي ٱلۡخِصَامِ غَيۡرُ مُبِينٖ ﴿١٨﴾

وَجَعَلُواْ ٱلۡمَلَٰٓئِكَةَ ٱلَّذِينَ هُمۡ عِبَٰدُ ٱلرَّحۡمَٰنِ إِنَٰثًاۚ أَشَهِدُواْ خَلۡقَهُمۡۚ سَتُكۡتَبُ شَهَٰدَتُهُمۡ وَيُسۡـَٔلُونَ ﴿١٩﴾

14. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചെത്തുന്നവർ തന്നെയാകുന്നു.
15. അവന്റെ ദാസൻമാരിൽ ഒരു വിഭാഗത്തെ അവരതാ അവന്റെ അംശം (അഥവാ മക്കൾ) ആക്കിവെച്ചിരിക്കുന്നു. തീർച്ചയായും മനുഷ്യൻ പ്രത്യക്ഷമായിത്തന്നെ തികച്ചും നന്ദികെട്ടവനാകുന്നു.
16. അതല്ല, താൻ സൃഷ്ടിക്കുന്ന കൂട്ടത്തിൽ നിന്ന് പെൺമക്കളെ അവൻ(സ്വന്തമായി) സ്വീകരിക്കുകയും, ആൺമക്കളെ നിങ്ങൾക്ക് പ്രത്യേകമായി നൽകുകയും ചെയ്തിരിക്കുകയാണോ?
17. അവരിൽ ഒരാൾക്ക്, താൻ പരമകാരുണികന് ഉപമയായി എടുത്തുകാണിക്കാറുള്ളതിനെ (പെൺകുഞ്ഞിനെ)പ്പറ്റി സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കരുവാളിച്ചതാകുകയും അവൻ കുണ്ഠിതനാവുകയും ചെയ്യുന്നു.
18. ആഭരണമണിയിച്ച് വളർത്തപ്പെടുന്ന, വാഗ്വാദത്തിൽ (ന്യായം) തെളിയിക്കാൻ കഴിവില്ലാത്ത ഒരാളാണോ (അല്ലാഹുവിന് സന്താനമായി കൽപിക്കപ്പെടുന്നത്?).
19. പരമകാരുണികന്റെ ദാസൻമാരായ മലക്കുകളെ അവർ പെണ്ണുങ്ങളാക്കിയിരിക്കുന്നു. അവരെ (മലക്കുകളെ) സൃഷ്ടിച്ചതിന് അവർ സാക്ഷ്യം വഹിച്ചിരുന്നോ? അവരുടെ സാക്ഷ്യം രേഖപ്പെടുത്തുന്നതും അവർ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.

20. പരമകാരുണികൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല എന്ന് അവർ പറയുകയും ചെയ്യും. അവർക്ക് അതിനെപറ്റി യാതൊരു അറിവുമില്ല. അവർ ഊഹിച്ച് പറയുക മാത്രമാകുന്നു.

21. അതല്ല, അവർക്ക് നാം ഇതിനുമുമ്പ് വല്ല ഗ്രന്ഥവും നൽകിയിട്ട് അവർ അതിൽ മുറുകെ പിടിച്ച് നിൽക്കുകയാണോ?

22. അല്ല, ഞങ്ങളുടെ പിതാക്കൾ ഒരു മാർഗത്തിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളിൽ നേർമാർഗം കണ്ടെത്തിയിരിക്കുകയാണ് എന്നാണ് അവർ പറഞ്ഞത്.

23. അതുപോലെത്തന്നെ നിനക്ക് മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ചപ്പോഴും ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു എന്ന് അവിടെയുള്ള സുഖലോലുപന്മാർ പറയാതിരുന്നിട്ടില്ല.

24. അദ്ദേഹം (താക്കീതുകാരൻ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പിതാക്കളെ ഏതൊരു മാർഗത്തിൽ കണ്ടെത്തിയോ, അതിനെക്കാളും നല്ല മാർഗം കാണിച്ചുതരുന്ന ഒരു സന്ദേശവും കൊണ്ട് ഞാൻ നിങ്ങളുടെ അടുത്ത് വന്നാലും (നിങ്ങൾ പിതാക്കളെത്തന്നെ അനുകരിക്കുകയോ?). അവർ പറഞ്ഞു; നിങ്ങൾ ഏതൊരു സന്ദേശവുംകൊണ്ട് അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ തീർച്ചയായും ഞങ്ങൾ വിശ്വാസമില്ലാത്തവരാകുന്നു.

25. അതിനാൽ നാം അവർക്ക് ശിക്ഷ നൽകി. അപ്പോൾ ആ സത്യനിഷേധികളുടെ പര്യവസാനംഎങ്ങനെയായിരുന്നുവെന്ന്നോക്കുക.

26. ഇബ്‌റാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നവനാകുന്നു.

27. എന്നെ സൃഷ്ടിച്ചവനൊഴികെ. കാരണം തീർച്ചയായും അവൻ എനിക്ക് മാർഗദർശനം നൽകുന്നതാണ്.

وَقَالُوا۟ لَوْ شَآءَ ٱلرَّحْمَٰنُ مَا عَبَدْنَٰهُم ۗ مَّا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَخْرُصُونَ ٢٠

أَمْ ءَاتَيْنَٰهُمْ كِتَٰبًا مِّن قَبْلِهِۦ فَهُم بِهِۦ مُسْتَمْسِكُونَ ٢١

بَلْ قَالُوٓا۟ إِنَّا وَجَدْنَآ ءَابَآءَنَا عَلَىٰٓ أُمَّةٍ وَإِنَّا عَلَىٰٓ ءَاثَٰرِهِم مُّهْتَدُونَ ٢٢

وَكَذَٰلِكَ مَآ أَرْسَلْنَا مِن قَبْلِكَ فِى قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَآ إِنَّا وَجَدْنَآ ءَابَآءَنَا عَلَىٰٓ أُمَّةٍ وَإِنَّا عَلَىٰٓ ءَاثَٰرِهِم مُّقْتَدُونَ ٢٣

۞ قَٰلَ أَوَلَوْ جِئْتُكُم بِأَهْدَىٰ مِمَّا وَجَدتُّمْ عَلَيْهِ ءَابَآءَكُمْ ۖ قَالُوٓا۟ إِنَّا بِمَآ أُرْسِلْتُم بِهِۦ كَٰفِرُونَ ٢٤

فَٱنتَقَمْنَا مِنْهُمْ ۖ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُكَذِّبِينَ ٢٥

وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ وَقَوْمِهِۦٓ إِنَّنِى بَرَآءٌ مِّمَّا تَعْبُدُونَ ٢٦

إِلَّا ٱلَّذِى فَطَرَنِى فَإِنَّهُۥ سَيَهْدِينِ ٢٧

15). അല്ലാഹുവിന് സന്താനങ്ങളെ നിശ്ചയിക്കുന്നവരുടെ നീചപ്രവൃത്തിയെക്കുറിച്ചാണ് അല്ലാഹു ഇവിടെ പരാമർശിക്കുന്നത്. അവൻ ഏകനും പരാശ്രയമുക്തനുമാകുന്നു. അവൻ സന്താനത്തെയോ ഇണയെയോ സ്വീകരിച്ചിട്ടില്ല. അവന് തുല്യനായി ഒരാളുമില്ല. പല നിലക്കും ഈ വാദം അസത്യമാണ്. അതിലൊന്ന്, സൃഷ്ടികളെല്ലാം അവന്റെ ദാസന്മാരാണ്. ആരാധ്യനാവുക എന്നത് സന്താനങ്ങളുണ്ടാവുക എന്നതിനെ നിരാകരിക്കുന്നു. മറ്റൊന്ന്, സന്താനം പിതാവിന്റെ ഭാഗമാണ്. അല്ലാഹു തന്റെ സൃഷ്ടികളിൽനിന്ന് തീർത്തും വ്യത്യസ്തനാണ്. അവന്റെ വിശേഷണങ്ങളും പ്രത്യേകതകളും തീർത്തും സൃഷ്ടികളിൽനിന്നും വളരെ വ്യത്യസ്തമാണ്. പുത്രൻ പിതാവിന്റെ ഭാഗമാകയാൽ അല്ലാഹുവിന് സന്താനമുണ്ടാകൽ അസംഭവ്യമാണ്.

16). മറ്റൊന്ന്; മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് അവർ വാദിക്കുന്നു. സ്ത്രീ പുരുഷ വർഗത്തിൽ സ്ത്രീകളാണ് താഴെയെങ്കിൽ ആൺമക്കളെ അവർ തെരഞ്ഞെടുക്കുകയും പെൺകുട്ടികളെ അല്ലാഹുവിന് നിശ്ചയിക്കുകയും ചെയ്യുന്നതെങ്ങനെയാണ്? അപ്പോൾ അവർ അല്ലാഹുവിനെക്കാൾ ശ്രേഷ്ഠരാണോ? അങ്ങനെയാകുന്നതിൽനിന്ന് അല്ലാഹു ഉന്നതനും മഹാനുമത്രെ.

17) മറ്റൊന്ന്; അല്ലാഹുവിലേക്ക് അവർ ചേർത്തു പറയുന്ന വിഭാഗം-പെൺമക്കൾ-രണ്ട് വർഗങ്ങളിൽ താഴ്ന്നതായി കാണുന്നവരും അവർക്ക് ഏറ്റവും വെറുപ്പുള്ളതുമാണ്. എത്രത്തോളമാണ് ആ വെറുപ്പെന്നത് ഈ വാചകങ്ങളിലുണ്ട്:

وَإِذَا بُشِّرَ أَحَدُهُم بِمَا ضَرَبَ لِلرَّحْمَٰنِ
مَثَلًا ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ

“അവരിൽ ഒരാൾക്കും താൻ പരമകാരുണികന് ഉപമയായി എടുത്തുകാണിക്കാറുള്ളതിനെ-പെൺകുഞ്ഞിനെ-പ്പറ്റി സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കരുവാളിച്ചതാ വുകയും അവൻ കുണ്ഠിതനാവുകയും ചെയ്യും). വെറുപ്പുകൊണ്ടും കഠിനമായ കോപം കാരണത്താലും അവന് ഇഷ്ടമില്ലാത്തത് അവരെങ്ങനെ അല്ലാഹുവിന് നിശ്ചയിച്ചുകൊടുക്കും?

18) മറ്റൊന്ന്; സ്ത്രീക്ക് അവളുടെ കാര്യങ്ങളിലും സംസാരത്തിലും കാര്യങ്ങൾ വ്യക്തമാക്കുന്നതിലുമെല്ലാം ചില അപൂർണതകളുണ്ട്. അതാണ് അല്ലാഹു പറഞ്ഞത്: (ആഭരണമണിയിച്ച് വളർത്തപ്പെടുന്ന) അഭംഗി പരിഹരിക്കാൻ ഭംഗിയുണ്ടാക്കപ്പെടുന്ന, ഭംഗിക്ക് പുറത്തുനിന്നുള്ളത് ആവശ്യമായി വരുന്നവൾ. (വാഗ്വാദത്തിൽ) അനിവാര്യമായ വാഗ്വാദവേളകളിൽ തന്റെ ഭാഗം പ്രകടമായി പറയാൻ കഴിയാത്ത. (തെളിയിക്കാൻ കഴിവില്ലാത്ത) മനസ്സിലുള്ള കാര്യം വ്യക്തമാക്കാൻ കഴിയാത്ത, തന്റെ തെളിവുകൾ വ്യക്തമാക്കാൻ പറ്റാത്ത അവരെ എങ്ങനെയാണവർ അല്ലാഹുവിലേക്ക് ചേർത്തു പറയുന്നത്?

19) മറ്റൊന്ന്; (പരമകാരുണികന്റെ ദാസന്മാരായ മലക്കുകളെ അവർ പെണ്ണുങ്ങളാക്കിയിരിക്കുന്നു) അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച ദാസന്മാരായ മലക്കുകളുടെ കാര്യത്തിൽ അവർ ധൈര്യപ്പെട്ട് അവരെ കീഴ്പ്പെടേണ്ട ദാസന്മാർ എന്ന പദവിയിൽ നിന്ന് അല്ലാഹുവിന്റെ ചില പ്രത്യേകതകളുള്ള പങ്കാളികളുടെ സ്ഥാനത്തേക്ക് അവരെ അവർ ഉയർത്തി. പിന്നീടവരെ പുരുഷന്മാരുടെ സ്ഥാനത്തുനിന്ന് സ്ത്രീകളുടെ സ്ഥാനത്തേക്ക് താഴ്ത്തുകയും ചെയ്തു. തന്റെ പ്രവാചകനോട് ധിക്കാരം കാണിക്കുകയും അവന്റെ മേൽ കളവ് പറയുകയും ചെയ്യുന്നതിലൂടെ കാണിച്ച വൈരുധ്യങ്ങളിൽ നിന്ന് അവൻ മഹാപരിശുദ്ധൻ.

മറ്റൊന്ന്: അല്ലാഹു അവർക്ക് മറുപടിയായി നൽകുന്നത്, തന്റെ മലക്കുകളെ സൃഷ്ടിക്കുന്ന സമയത്ത് അവർ ഹാജരായിരുന്നില്ല. അല്ലാഹുവിന് മാത്രമറിയുന്ന, അവർക്കൊരറിവുമില്ലാത്ത കാര്യത്തെക്കുറിച്ച് അവർ സംസാരിക്കുന്നത് എങ്ങനെയാണ്? ഈ സാക്ഷിത്വത്തെക്കുറിച്ച് ചോദിക്കപ്പെടും. രേഖപ്പെടുത്തപ്പെടുകയും അതിലവർ ശിക്ഷിക്കപ്പെടുകയും ചെയ്യും.

20). അല്ലാഹു പറയുന്നു (പരമകാരുണികൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവരെ - മലക്കുകളെ - ആരാധിക്കുമായിരുന്നില്ല. അല്ലാഹുവിന്റെ ഉദ്ദേശ്യം എന്ന കാര്യം അവരുടെ ആരാധനയും അവർ ഇവിടെ തെളിവാക്കുകയാണ്. സാധാരണ മുശ്‌രിക്കുകൾ തെളിവാക്കാറുള്ള ഒരു കാര്യമാണിത്. പ്രമാണവും ബുദ്ധിയും അനുസരിച്ച് ഈ തെളിവ് വളരെയധികം നിരർഥകമാണ്. വിധിയെ തെളിവാക്കുന്നതിനെ

## തിരുത്ത്

ഒക്ടോബർ 1 ന് പുറത്തിറങ്ങിയ നേർപഥത്തിലെ ‘പ്രയാസ ഘട്ടങ്ങളിൽ അടിപതറരുത്’ എന്ന ലേഖനത്തിൽ ക്വുർആൻ 6:59 ന് നൽകിയ അർഥത്തിൽ അദൃശ്യകാര്യങ്ങളുടെ ഖജനാവുകൾ എന്നത് അദൃശ്യകാര്യങ്ങളുടെ താക്കോലുകൾ എന്ന് തിരുത്തി വായിക്കുവാൻ അപേക്ഷ.

**- എഡിറ്റർ**

ബുദ്ധിയുള്ള ഒരാളും അംഗീകരിക്കുകയില്ല. ഇനി ഏതെങ്കിലും ഒരു സന്ദർഭത്തിൽ ഒരാൾ അതൊരു തെളിവാക്കിയാൽ തന്നെ എല്ലായ്പ്പോഴും അയാൾക്കത് തെളിവാക്കാനാവില്ല. എന്നാൽ പ്രാമാണികമായി അല്ലാഹുതന്നെ ഈ തെളിവിനെ തള്ളിക്കളയുന്നു. മുശ്‌രിക്കുകളും പ്രവാചകന്മാരെ തള്ളിക്കളയുന്നവരുമല്ലാതെ ഇത് തെളിവാക്കിയിട്ടില്ല. അല്ലാഹു തന്റെ ദാസന്മാർക്കെതിരെ തെളിവ് സ്ഥാപിക്കുകയാണിവിടെ. ആർക്കും അതിൽ യാതൊരു തെളിവും ശേഷിക്കുന്നില്ല. അതാണ് പറഞ്ഞത്(അവർക്ക് അതിനെപ്പറ്റി യാതൊരറിവുമില്ല. അവർ ഊഹിച്ച് പറയുക മാത്രമാകുന്നു). തെളിവില്ലാതെ ഊഹിച്ച് പറയുക ആശയക്കുഴപ്പത്തിലാവുകയും ചെയ്യുന്നു.

21). തുടർന്ന് പറയുന്നു (അതല്ല അവർക്ക് നാം ഇതിനു മുമ്പ് വല്ല ഗ്രന്ഥവും നൽകിയിട്ട് അവർ അതിൽ മുറുകെപ്പിടിച്ച് നിൽക്കുകയാണോ?) അവരുടെ വാക്കും പ്രവൃത്തിയും ശരിയാണെന്ന് പറയുകയാണോ ഇവിടെ? അതല്ല, മറിച്ച് അല്ലാഹു മുഹമ്മദ് നബി(സ്വ)യെ അവർക്ക് മുന്നറിയിപ്പ് നൽകുന്നവനായി അയച്ചു. മറ്റൊരു മുന്നറിയിപ്പുകാരനും അവർക്ക് വന്നിട്ടുമില്ല. മറ്റൊരർഥത്തിൽ പറഞ്ഞാൽ പ്രാമാണികമായോ ബുദ്ധിപരമായോ ഇവരുടെ വാദങ്ങൾക്ക് യാതൊരു തെളിവുമില്ല. ബുദ്ധിയും പ്രമാണവും എതിരായ കാര്യത്തിൽ ഒരിക്കലും ശരിയുണ്ടാവില്ല.

22). അതെ, ഏറ്റവും ദുർബലമായ ചില സംശയങ്ങളാണ് അവർക്കുള്ളത്. വഴിതെറ്റിപ്പോയവരുടെ പിതാക്കളെ അനുകരിക്കലാണത്. അന്ധമായ അനുകരണത്തിലൂടെ പ്രവാചകന്മാരുടെ പ്രബോധനത്തെ എതിർത്ത അവിശ്വാസികളായിരുന്നു അവർ. അതാണിവിടെ പറഞ്ഞത്: (അല്ല, ഞങ്ങളുടെ പിതാക്കൾ ഒരു മാർഗത്തിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു) അതായത്, ഒരു മതത്തിലും മാർഗത്തിലും. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളിൽ നേർമാർഗം കണ്ടെത്തിയിരിക്കുകയാണ്. അതിനാൽ മുഹമ്മദ് കൊണ്ടുവന്നത് ഞങ്ങൾ പിൻപറ്റുകയില്ല.

23). (അതുപോലത്തന്നെ നിനക്ക് മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ചപ്പോഴും അവിടെയുള്ള സുഖലോലുപന്മാർ പറയാതിരുന്നിട്ടില്ല) സത്യത്തോട് അഹങ്കാരം കാണിക്കുന്ന, തങ്ങളുടെ സമ്പത്തിൽ വഞ്ചിതരായ, ഭൗതിക ജീവിതം അക്രമികളാക്കിയ നേതാക്കളും സുഖലോലുപരും. (ഞങ്ങളുടെ പി താക്കളെ ഒരു മാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു) അവർ പുതിയൊരു വിഭാഗമൊന്നുമല്ല. ഇവർക്ക് മുമ്പുള്ളവരും ഇതേ വാദമുന്നയിച്ചിട്ടുണ്ട്. വഴിപിഴച്ചവരായ പൂർവപിതാക്കളെ അനുകരിക്കുന്നവരാണ് തങ്ങളെന്ന ഈ മുശ്‌രിക്കുകളുടെ വാദം സത്യത്തെയും സന്മാർഗത്തെയും പിൻപറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. അത് പച്ചയായ പക്ഷംപിടിക്കൽ മാത്രമാണ്; അവർ ഇപ്പോൾ നിലകൊള്ളുന്ന അസത്യത്തെ സഹായിക്കലും.

24). ഈ അസത്യമായ വാദമുന്നയിച്ച് പ്രവാചകന്മാരോട് എതിർത്തുനിന്നവരോടെല്ലാം അവർ പറഞ്ഞത്: (നിങ്ങൾ നിങ്ങളുടെ പിതാക്കളെ ഏതൊരു മാർഗത്തിൽ കണ്ടെത്തിയോ അതിനെക്കാൾ നല്ല മാർഗം കാണിച്ചുതരുന്ന ഒരു സന്ദേശവുംകൊണ്ട് ഞാൻ നിങ്ങളുടെ അടുത്തുവന്നാലും). സന്മാർഗം പ്രാപിക്കാൻ നിങ്ങൾ എന്നെ പിൻപറ്റുമോ? (അവർ പറഞ്ഞു: നിങ്ങൾ ഏതൊരു സന്ദേശവുംകൊണ്ട് അയക്കപ്പെട്ടിരിക്കുന്നുവോ, തീർച്ചയായും ഞങ്ങൾ അതിൽ വിശ്വാസമില്ലാത്തവരാകുന്നു). ഇതിൽ നിന്ന് വ്യക്തമാണ് അവർ സത്യവും സന്മാർഗവും പിൻതുടരാൻ ഉദ്ദേശിക്കുന്നില്ലെന്ന്. അവരുടെ ലക്ഷ്യം തന്നിഷ്ടവും അസത്യവും പിൻപറ്റൽ തന്നെയാണ്.

25). (അതിനാൽ നാം അവർക്ക് ശിക്ഷ നൽകി) ഇത്തരം അസത്യമായ വാദങ്ങൾകൊണ്ട് സത്യത്തെ കളവാക്കിയവർക്ക്. (അപ്പോൾ ആ സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവന്ന് നോക്കുക) അവർക്ക് സംഭവിച്ചതു തന്നെയാണ് ഇവർക്കും സംഭവിക്കുക. നിഷേധത്തിൽ തുടരുന്നവർ ഭയപ്പെട്ടുകൊള്ളട്ടെ.

26). ഖലീൽ ഇബ്റാഹീം നബി(അ)യുടെ മാർഗത്തെക്കുറിച്ചാണ് അല്ലാഹു ഇവിടെ പറയുന്നത്. മുശ്‌രിക്കുകളും വേദക്കാരും അദ്ദേഹ ത്തിലേക്കാണ് ചെന്നുചേരുന്നത്. അവരെല്ലാവരും വാദിക്കുന്നതും അദ്ദേഹത്തിന്റെ മാർഗത്തിലാണ് അവരെന്നാണ്. അദ്ദേഹം തന്റെ സന്താനങ്ങളിൽ അനന്തരമായി നൽകിയ മതത്തെക്കുറിച്ച് അല്ലാഹു അവർക്ക് പറഞ്ഞുകൊടുക്കുന്നു. (ഇബ്റാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം) ആരാധിക്കാനും സാമീപ്യംനേടാനും അല്ലാഹുവിനുപുറമെ ആരാധ്യന്മാരെ സ്വീകരിച്ചവരോട്. (തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു). അത് ഇഷ്ടപ്പെടാത്തവനും അത് ചെയ്യുന്നവരോട് അകന്നുനിൽക്കുന്നവനും എതിർക്കുന്നവനുമാണ്.

27). (എന്നെ സൃഷ്ടിച്ചവൻ ഒഴികെ) ഞാൻ അവനെ രക്ഷകനായി സ്വീകരിക്കുവാനും സത്യം മനസ്സിലാക്കാനും അതനുസരിച്ച് വേർതിരിക്കാനും അവനെനിക്ക് വഴികാണിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്റെ ശരീരവും ഇഹലോക ജീവിതവും സുഗമമാകത്തക്കവിധം എന്നെ സംവിധാനിക്കുകയും സൃഷ്ടിക്കുകയും ചെയ്ത പോലെത്തന്നെ (തീർച്ചയായും അവനെനിക്ക് മാർഗദർശനം നൽകുന്നതാണ്). എന്റെ മതത്തിനും പരലോകത്തിനും ഗുണകരമായിത്തീരുംവിധം.

# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്മൻ




**ഉടമസ്ഥത**

ഉടമസ്ഥതകൾ പലതുണ്ട്: absolute ownership (പരിപൂർണമായ ഉടമസ്ഥത). collective ownership (കൂട്ടായുള്ള ഉടമസ്ഥത: ഒരു ബിസിനസ്സിന്റെ ഉടമസ്ഥത അതിൽ പ്രവർത്തിക്കുന്ന ജോലിക്കാർക്കായിരിക്കുന്ന അവസ്ഥ). common ownership or ownership in common (പൊതു ഉടമസ്ഥത; ഓരോരുത്തർക്കും ഒരു വസ്തുവിൽ ഒരു ഭാഗത്തിന്റെ ഉടമസ്ഥത ഉണ്ടായിരിക്കുംവിധം ഒരു സംഘം ആളുകളുടെ ആ വസ്തുവിന്മേലുള്ള ഉടമസ്ഥത). contingent ownership (ചില വ്യവസ്ഥകൾ നിറവേറ്റപ്പെട്ടുകഴിയുമ്പോൾ പരിപൂർണമാകുന്ന ഉടമസ്ഥത). joint ownership (കൂട്ടുടമസ്ഥത; ഒരേ വസ്തുവിന്റെ ഉടമസ്ഥത രണ്ടോ അതിലധികമോ പേർക്ക് ഉണ്ടായിരിക്കുന്ന അവസ്ഥ). legal ownership (നിയമാനുസൃത ഉടമസ്ഥത). limited ownership (പൂർണമായതല്ലാത്ത -ഒരു പരിമിതകാലത്തേക്കു മാത്രമായതോ ഭാഗികമായതോ ആയ- ഉടമസ്ഥത). multiple ownership (എന്തിന്റെയെങ്കിലും ഉടമസ്ഥത പലർക്കായിരിക്കുന്ന അവസ്ഥ). private ownership (സ്വകാര്യ ഉടമസ്ഥത; ഉടമസ്ഥത സ്വകാര്യ വ്യക്തിക്ക് ആയിരിക്കുന്ന അവ

സ്ഥ). public ownership or state ownership (ഒരു വ്യവസായം ദേശസാൽക്കരിക്കപ്പെട്ടിരിക്കുന്ന അവസ്ഥ). sole ownership (ഒരു ബിസിനസ്സിന്റെ ഉടമസ്ഥത ഒരാൾക്കു മാത്രമായിരിക്കുന്ന അവസ്ഥ). vested ownship (ഉടമസ്ഥത നിക്ഷിപ്തമായിക്കഴിഞ്ഞ അവസ്ഥ, ഉടമസ്ഥത പൂർണമായിരിക്കുന്ന അവസ്ഥ).

**കൈവശരീതികൾ**


Actual possession (യഥാർഥമായുള്ള കൈവശം. വസ്തുവിന്റെയു കെട്ടിടങ്ങളുടെയും അതിലെ താമസത്തോടുകൂടിയുള്ള കൈവശം). adverse possession (എതിർ കൈവശം; ഒരു വസ്തുവിന്റെ യഥാർഥ ഉടമയ്ക്ക് അവകാശം നിഷേധിച്ചുകൊണ്ട് ആ അവകാശത്തിനെതിരായി, പ്രസ്തുത വസ്തു ഒരു അന്യൻ അവകാശരൂപേണ പരസ്യമായും തുടർച്ചയായും 12 വർഷത്തിൽ കൂടുതൽ കൈവശംവച്ച് അനുഭവിച്ചുകഴിഞ്ഞാൽ, ആ എതിർകൈവശക്കാരനെ ഒഴിപ്പിക്കുന്നതിനുള്ള അവകാശം യഥാർഥ ഉടമയ്ക്ക് നഷ്ടപ്പെടുന്നതാണ്). constructive possession (യഥാർഥ കൈവശത്തിൽനിന്ന് വ്യതിരിക്തമായി ഉടമയുടെ നിയമദൃഷ്ട്യാ ഉള്ളതായ കൈവശം. ഉദാ: പാട്ടക്കാരനിലൂടെയുള്ള ഉടമയുടെ കൈവശം; പ്രതിനിധി അല്ലെങ്കിൽ കാര്യസ്ഥൻ മുഖേനയുള്ള ഉടമയുടെ കൈവശം).continued possession (തുടർച്ചയായുള്ള കൈവശം). immediate possession (നേരിട്ടുള്ള കൈവശം).joint possession (കൂട്ടുകൈവശം). lawful possession (നിയമാനുസൃത കൈവശം). possession in law (വസ്തുവിന്റെയും കെട്ടിടങ്ങളുടെയും, അതിൽ താമസിക്കാതെ തന്നെയുള്ളതായ ഉടമസ്ഥത).

**കേസിന്റെ തുടക്കം**

വാദി (Plaintiff) തന്റെ അന്യായം (Plaint) കോടതിയിൽ ബോധിപ്പിക്കുന്നതോടെയാണ് വ്യവഹാരത്തിന് (litigation) തുടക്കമാകുന്നത്. ഈ ആദ്യ വ്യവഹാരം original suit) അത് വിചാരണചെയ്യുന്നതിനുള്ളതായ അധികാരം (metal jurisdiction) നൽകപ്പെട്ടിരിക്കുന്ന കോടതിയിലായിരിക്കണം ബോധിപ്പിക്കേണ്ടത്. അന്യായം കോടതിയിൽ ഹാജരാക്കിയാൽ അത് നമ്പരിട്ട് പ്രതി (defendant) ക്ക് കോടതിയിൽ ഹാജരാകാനുള്ള കൽപന (summons) അയയ്ക്കുന്നു. പ്രതി സമൻസ് പ്രകാരമുള്ള തീയതിയിൽ കോടതിയിൽ ഹാജരായി, അന്യായത്തിൽ പറയുന്ന കാര്യങ്ങളെക്കുറിച്ച് തർക്ക ങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ, ആയത് രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അന്യായത്തിലെ ആരോപണങ്ങൾ എല്ലാമോ, ഏതെങ്കിലുമോ നിഷേധിച്ചുകൊണ്ട് ഇപ്രകാരം പ്രതി ഹാജാക്കുന്ന രേഖയാണ് പത്രിക (written statement). പ്രതിയുടെ പത്രികയ്ക്കുള്ള മറുപടിയായ വിവരപ്പത്രിക (replication) വാദിയും ഹാജരാക്കുന്നതാണ്. വാദിയുടെ വിവരപ്പത്രികയ്ക്കുള്ള മറുപടി (rejoinder) പ്രതി ഹാജരാക്കുന്നതായാൽ, അതിനുള്ള മറുപടി (surrejoinder) വാദിയും കോടതിയിൽ ഹാജരാക്കുന്നതായിരിക്കും.

ഇരുപക്ഷത്തുനിന്നും ഹാജരാക്കിയിട്ടുള്ള രേഖകളെല്ലാം പരിശോധിച്ചശേഷം, കേസിൽ തീരുമാനിക്കേണ്ടിയിരിക്കുന്നതായ തർക്കവിഷയങ്ങൾ (issues) കോടതി തീരുമാനിക്കുന്നതായിരിക്കും. വസ്തുതാസംബന്ധമായ തർക്കവിഷയങ്ങൾ (issues of facts), നിയമസംബന്ധമായ തർക്കവിഷയങ്ങൾ (issues of law) എന്നിങ്ങനെ രണ്ടുതരത്തിലുള്ള തർക്കവിഷയങ്ങളുണ്ട്. ഇവയെ അടിസ്ഥാനമാക്കിയുള്ളതായിരി

Actual possession (**യഥാർഥമായുള്ള കൈവശം. വസ്തുവിന്റെയു കെട്ടിടങ്ങളുടെയും അതിലെ താമസത്തോടുകൂടിയുള്ള കൈവശം**). adverse possession (**എതിർ കൈവശം; ഒരു വസ്തുവിന്റെ യഥാർഥ ഉടമയ്ക്ക് അവകാശം നിഷേധിച്ചുകൊണ്ട് ആ അവകാശത്തിനെതിരായി, പ്രസ്തുത വസ്തു ഒരു അന്യൻ അവകാശരൂപേണ പരസ്യമായും തുടർച്ചയായും** 12 **വർഷത്തിൽ കൂടുതൽ കൈവശംവച്ച് അനുഭവിച്ചുകഴിഞ്ഞാൽ, ആ എതിർ കൈവശക്കാരനെ ഒഴിപ്പിക്കുന്നതിനുള്ള അവകാശം യഥാർഥ ഉടമയ്ക്ക് നഷ്ടപ്പെടുന്നതാണ്**). constructive possession (**യഥാർഥ കൈവശത്തിൽ നിന്ന് വ്യതിരിക്തമായി ഉടമയുടെ നിയമദൃഷ്ട്യാ ഉള്ളതായ കൈവശം. ഉദാ: പാട്ടക്കാരനിലൂടെയുള്ള ഉടമയുടെ കൈവശം; പ്രതിനിധി അല്ലെങ്കിൽ കാര്യസ്ഥൻ മുഖേനയുള്ള ഉടമയുടെ കൈവശം**).continued possession (**തുടർച്ചയായുള്ള കൈവശം**). immediate possession (**നേരിട്ടുള്ള കൈവശം**).joint possession (**കൂട്ടുകൈവശം**). lawful possession (**നിയമാനുസൃത കൈവശം**). possession in law (**വസ്തുവിന്റെയും കെട്ടിടങ്ങളുടെയും, അതിൽ താമസിക്കാതെ തന്നെയുള്ളതായ ഉടമസ്ഥത**).



ക്കും കേസിലെ വാദമുഖങ്ങൾ (points). കക്ഷികൾ ആശ്രയിക്കുന്ന പ്രമാണങ്ങൾ വാദമുഖങ്ങൾ നിശ്ചയിക്കുമ്പോഴോ, അതിനുമുമ്പോ ആയി പട്ടിക (list) സഹിതം കോടതിയിൽ ഹാജരാക്കിയിരിക്കേണ്ടതുണ്ട്. അടുത്തതായി ഇരുകക്ഷികളും തങ്ങളുടെ സാക്ഷികളുടെ (witness) പട്ടിക കോടതിയിൽ ഹാജരാക്കിയിരിക്കണം.

**ഇരുപക്ഷത്തുനിന്നും ഹാജരാക്കിയിട്ടുള്ള രേഖകളെല്ലാം പരിശോധിച്ച ശേഷം, കേസിൽ തീരുമാനിക്കേണ്ടിയിരിക്കുന്നതായ തർക്കവിഷയങ്ങൾ (issues)കോടതി തീരുമാനിക്കുന്നതായിരിക്കും. വസ്തുതാസംബന്ധമായ തർക്കവിഷയങ്ങൾ (issues of facts), നിയമസംബന്ധമായ തർക്കവിഷയങ്ങൾ (issues of law) എന്നിങ്ങനെ രണ്ടുതരത്തിലുള്ള തർക്കവിഷയങ്ങളുണ്ട്. ഇവയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും കേസിലെ വാദമുഖങ്ങൾ (points). കക്ഷികൾ ആശ്രയിക്കുന്ന പ്രമാണങ്ങൾ വാദമുഖങ്ങൾ നിശ്ചയിക്കുമ്പോഴോ, അതിനുമുമ്പോ ആയി പട്ടിക (list) സഹിതം കോടതിയിൽ ഹാജരാക്കിയിരിക്കേണ്ടതുണ്ട്. അടുത്തതായി ഇരുകക്ഷികളും തങ്ങളുടെ സാക്ഷികളുടെ (witness) പട്ടിക കോടതിയിൽ ഹാജരാക്കിയിരിക്കണം.**

### തെളിവുകൾ

സിവിൽ കേസുകൾ വിചാരണചെയ്ത് തീർപ്പുകൽപിക്കുന്ന കാര്യത്തിൽ തെളിവുകൾക്ക് (evidence or proof) മുഖ്യപങ്കുണ്ട്. തെളിവുകൾ ബഹുവിധമുണ്ടുതാനും. കോടതിയിൽ നിയമാനുസരണം സ്വീകരിക്കാനാവുന്ന തെളിവ് (admissible evidence) ആണ് ഇവയിൽ ഒരിനം. പ്രത്യക്ഷ തെളിവ് (direct evidence), സാക്ഷിമൊഴി, അസൽ പ്രമാണം മുതലായവയാണ്. രേഖാമൂലതെളിവുകളിൽ (documentary evidence) പ്രമാണങ്ങൾ, കരാറുകൾ മുതലായവ ഉൾപ്പെടും. ഒരു പ്രമാണത്തിന്റെ വ്യാഖ്യാനത്തിന് ഉപയോഗിക്കുന്ന തെളിവുകളാണ് ഇതിലേക്ക് അതിൽത്തന്നെയുള്ളതായ തെളിവ് (intrinsic evidence), അതിൽത്തന്നെയുള്ള അല്ലാത്തതായ തെളിവ് (extrinsic evidence) എന്നിവ. സംഗതമായ തെളിവ് (relevant evidence), അസംഗതമായ തെളിവ് (irrelevant evidence), കേസിൽ വളരെ സംഗതമായ സുപ്രധാന തെളിവ് (material evidence), പ്രഥമദൃഷ്ട്യാ ഉള്ള തെളിവ് (primafacie evidence), വാങ്മൂല തെളിവ് (oral evidence), ശരിയെന്ന് തനിക്ക് ബോധ്യമുള്ള വസ്തുതകളെ അടിസ്ഥാനമാക്കി സാക്ഷി നൽകുന്ന മൊഴി (original evidence), കേട്ടുകേൾവിയെ അടിസ്ഥാനമാക്കി സാക്ഷി നൽകുന്ന (primary evidence); പ്രാഥമിക തെളിവ് (secondary evidence), അസൽ പ്രമാണം, ദൃക്സാക്ഷി നൽകുന്ന മൊഴി, നല്ല തെളിവിന്റെ അഭാവത്തിൽ സ്വീകരിക്കുന്ന രണ്ടാംതരം തെളിവ് (secondary evidence), അസൽ പ്രമാണത്തിന്റെ പകർപ്പ്, സാഹചര്യ തെളിവ് (circumstantial evidence), ഉപോദ്ബലകതെളിവ് അഥവാ നൽകിയിട്ടുള്ള തെളിവിനെ ദൃഢീകരിക്കുന്നതായ തെളിവ് (corroborative. evidence), വ്യാജ തെളിവ് (false evidence), കള്ളപ്രമാണം കെട്ടിച്ചമച്ച തെളിവ് (fabricated evidence), നിർണായക തെളിവ് അഥവാ ഖണ്ഡിതമായ തെളിവ് (conclusive evidence), കോടതിയിൽ ഹാജരാക്കിയിട്ടുള്ള തെളിവ് (evidence on record) ഇങ്ങനെ പോകുന്നു തെളിവുകളുടെ തരംതിരിവുകൾ. burden of proof or onus of proof (തെളിവു ഭാരം), കോടതിയിൽ ഒരാൾക്കെതിരെ ഉന്നയിക്കപ്പെടുന്ന ആരോപണം ശരിയെന്നു തെളിയിക്കുന്നതിനുള്ള ഉത്തരവാദിത്തം. (ക്രിമിനൽ കേസിൽ പ്രതി കുറ്റക്കാരനെന്നു തെളിയിക്കുന്നതിനുള്ള ഉത്തരവാദിത്തം പ്രോസിക്യൂഷനാണ്).





11

# വ്യവഹാര പ്രശ്നങ്ങൾ

ഡോ. മുനവ്വർ

ജീവിത സമ്മർദങ്ങളോടുള്ള അനുവർത്തി വ്യാപാരത്തെ അടിസ്ഥാനമാക്കിയാണ് ശിശുലോകത്തെ വീക്ഷിച്ചു കാര്യങ്ങൾ ഗ്രഹിക്കുന്നത്. സ്വിറ്റ്സർലൻഡുകാരനായ പ്രശസ്ത മനശ്ശാസ്ത്രജ്ഞൻ ജീൻ പിയാഷേയുടെ അഭിപ്രായത്തിൽ സ്വയംകേന്ദ്രമാക്കി ചിന്തിച്ചുകൊണ്ടാണ് ശിശുക്കൾ തങ്ങളുടെ സംവേദക ചലനങ്ങൾ നിയന്ത്രിക്കുന്നത്. വളർന്നുവരുന്നതനുസരിച്ച് ഈ ലോകത്ത് വേറെയും ആളുകൾ ഉണ്ട് എന്ന വസ്തുത ശിശുക്കൾ മനസ്സിലാക്കും; അതിനു ശേഷമാണ് അമൂർത്തചിന്ത ഉടലെടുക്കുന്നത്. ഈവക കാര്യങ്ങൾ നിശ്ചിതക്രമത്തിലല്ല നടക്കുന്നത്. വളർന്നുവരുന്നതിനനുസരണമായി പല കാര്യങ്ങളിലും ശിശുക്കൾക്ക് സ്വയംപര്യാപ്തത ആർജിക്കേണ്ടതുണ്ട്. മലമൂത്രവിസർജ്യക്രമീകരണം, ലിംഗപരമായിട്ടുള്ള പങ്ക്, മറ്റുള്ളവരുമായിട്ടുള്ള സഹകരണം എന്നിവ ഇവയിൽ ഉൾപ്പെടുന്നു. സാമൂഹികവൽക്കരണത്തിന്റെതായ ഈ ഘട്ടത്തിൽ നിരവധി യഥാർഥ ജീവിത പ്രശ്നങ്ങളെയും വികാസപരമായിട്ടുള്ള പ്രതിബന്ധങ്ങളെയും കുട്ടികൾക്ക് നേരിടേണ്ടതായിട്ടുണ്ട്. ഒരു വിഭാഗം കുട്ടികൾക്ക് കടുത്ത വെല്ലുവിളികൾ തന്നെ നേരിടേണ്ടതായി വരുന്നു. വ്യാവഹാരിക പ്രശ്നങ്ങൾക്കുപുറമേ വൈകാരിക പ്രശ്നങ്ങൾക്കും ഇതു കാരണമാകും.

രക്ഷാകർത്താക്കളുടെയും കുടുംബാംഗങ്ങളുടെയും സമുദായത്തിന്റെയും പ്രതീക്ഷകൾക്കൊത്തുയർന്നിട്ടില്ലാത്ത ശൈശവ പ്രതികരണ മാതൃകകളെ വ്യവഹാര പ്രശ്നങ്ങൾ എന്നു നിർവചിക്കാവുന്നതാണ്. ഇത് വ്യവഹാര വ്യതിയാനം അഥവാ വ്യവഹാര ക്രമരാഹിത്യമാണ്. പ്രായത്തിനും ലിംഗപരമായ വേർതിരിവിനും സാംസ്കാരിക ചിട്ടവട്ടങ്ങൾക്കും അനുയോജ്യമല്ലാത്ത തരത്തിലുള്ളതായിരിക്കും ഇത്തരം വ്യവഹാരങ്ങൾ. വ്യത്യസ്ത സംസ്കാരങ്ങളിലും വ്യത്യസ്ത സമൂഹങ്ങളിലും വ്യത്യസ്ത വ്യവഹാരമാതൃകകൾ ആയിരിക്കും നിലനിൽക്കുക. അതിനാൽ ഒരു സമൂഹത്തിൽ തികച്ചും സാമാന്യമായി കരുതുന്ന ഒരു പ്രത്യേക വ്യവഹാരം മറ്റൊരു സമൂഹത്തിൽ പ്രശ്നവ്യവഹാരമായി തീരാവുന്നതാണ്. എല്ലാവരുമായും സ്വതന്ത്രമായി ഇടപെടുകയും ആൺകുട്ടികളുമായി കൂട്ടുചേർന്നു നടക്കുകയും ചെയ്യുന്ന അവിവാഹിതയായ ഒരു പെൺകുട്ടിയുടെ വ്യവഹാരം നമ്മുടെ സമൂഹത്തിൽ വിമർശനത്തിനു പാത്രമാകും.

> **രക്ഷാകർത്താക്കളുടെയും കുടുംബാംഗങ്ങളുടെയും സമുദായത്തിന്റെയും പ്രതീക്ഷകൾക്കൊത്തുയർന്നിട്ടില്ലാത്ത ശൈശവ പ്രതികരണ മാതൃകകളെ വ്യവഹാര പ്രശ്നങ്ങൾ എന്നു നിർവചിക്കാവുന്നതാണ്. ഇത് വ്യവഹാര വ്യതിയാനം അഥവാ വ്യവഹാര ക്രമരാഹിത്യമാണ്. പ്രായത്തിനും ലിംഗപരമായ വേർതിരിവിനും സാംസ്കാരിക ചിട്ടവട്ടങ്ങൾക്കും അനുയോജ്യമല്ലാത്ത തരത്തിലുള്ളതായിരിക്കും ഇത്തരം വ്യവഹാരങ്ങൾ. വ്യത്യസ്ത സംസ്കാരങ്ങളിലും വ്യത്യസ്ത സമൂഹങ്ങളിലും വ്യത്യസ്ത വ്യവഹാരമാതൃകകൾ ആയിരിക്കും നിലനിൽക്കുക. അതിനാൽ ഒരു സമൂഹത്തിൽ തികച്ചും സാമാന്യമായി കരുതുന്ന ഒരു പ്രത്യേക വ്യവഹാരം മറ്റൊരു സമൂഹത്തിൽ പ്രശ്നവ്യവഹാരമായി തീരാവുന്നതാണ്. എല്ലാവരുമായും സ്വതന്ത്രമായി ഇടപെടുകയും ആൺകുട്ടികളുമായി കൂട്ടുചേർന്നു നടക്കുകയും ചെയ്യുന്ന അവിവാഹിതയായ ഒരു പെൺകുട്ടിയുടെ വ്യവഹാരം നമ്മുടെ സമൂഹത്തിൽ വിമർശനത്തിനു പാത്രമാകും. എന്നാൽ, പാശ്ചാത്യ രാജ്യത്ത് ഇതേ പ്രായത്തിലുള്ള ഒരു പെൺകുട്ടി ഇപ്രകാരം ചെയ്യാൻ വിസമ്മതിച്ചാൽ അത് അപസാമാന്യവ്യവഹാരമായി കരുതപ്പെടും.**

എന്നാൽ, പാശ്ചാത്യ രാജ്യത്ത് ഇതേ പ്രായത്തിലുള്ള ഒരു പെൺകുട്ടി ഇപ്രകാരം ചെയ്യാൻ വിസമ്മതിച്ചാൽ അത് അപസാമാന്യവ്യവഹാരമായി കരുതപ്പെടും.

ഒരു കുട്ടിയിൽ ഉണ്ടാകുന്ന വ്യവഹാര അപസാമാന്യത ആ കുട്ടിക്കു മാത്രമല്ല ദോഷം ചെയ്യുന്നത്; രക്ഷാകർത്താക്കൾക്കും കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കും സമൂഹത്തിനുതന്നെയും അത് ഉപദ്രവകരമായിത്തീരാവുന്നതാണ്. ആഹാരം നിരസിക്കൽ, കിടക്കയിൽ മൂത്രമൊഴിക്കൽ, നഖം കടിക്കൽ, വിരൽ കുടിക്കൽ, മുടി പിഴുതെടുക്കൽ, അസൂയ, ആക്രമണം, പ്രാണികളെ ഉപദ്രവിക്കൽ, സംസാരത്തിൽ വിക്കുപോലുള്ള തകരാറുകൾ, കള്ളം പറയൽ, മോഷണം, സ്വന്തം ജോലിയിൽനിന്നു വഴുതിമാറൽ, അടിസ്ഥാനരഹിത മനോഭാവം വച്ചുപുലർത്തൽ, കൗമാര കുറ്റവാസന തുടങ്ങി നിരവധി തരത്തിലുള്ള വ്യവഹാരപ്രശ്നങ്ങൾ കുട്ടികളിൽ കണ്ടുവരുന്നുണ്ട്. പ്രധാനപ്പെട്ട ഏതാനും വ്യവഹാരപ്രശ്നങ്ങൾ വിവരിക്കാം.

**(1) അടിസ്ഥാനരഹിത കോപപ്രകടനം**

മോശമായ പ്രതികരണവും വ്യവഹാരവും ഉളവാക്കുന്ന ശക്തിമത്തായ ഒരു വികാരമാണ് കോപം. ആത്മനിയന്ത്രണം വേണ്ടവണ്ണം സ്വായത്തമാക്കിയിട്ടില്ലാത്തതുകൊണ്ടും ആഗ്രഹങ്ങളുടെ സഫലീകരണം മാറ്റിവയ്ക്കാൻ തയാറാകാത്തതുകൊണ്ടും കുട്ടികൾ ഈ വികാരം കൂടക്കൂടെ പ്രകടിപ്പിക്കും. അതിനാൽ രക്ഷാകർത്താക്കൾ കുട്ടികളുടെ ഏതെങ്കിലും പ്രവൃത്തിയെ തടയുകയോ ആഗ്രഹത്തിനു വിഘാതം സൃഷ്ടിക്കുകയോ ചെയ്താൽ അവർ കോപിഷ്ഠരാകും. ചില ശീലങ്ങളുടെ ആവിഷ്കരണത്തിലൂടെയാണ് കോപത്തെ നിയന്ത്രിക്കുന്നതിനുള്ള കഴിവ് ഉണ്ടാകുന്നത്. അതിനാൽ ഈ ശീലങ്ങൾ ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽത്തന്നെ വളർത്തിയെടുക്കേണ്ടതുണ്ട്. എന്നാൽ മാത്രമെ വൈകാരികഭാവങ്ങളെ നിയന്ത്രിച്ചു നല്ല വ്യക്തിത്വത്തിന്റെ ഉടമയായി വ്യക്തിക്ക് വളർന്നു വികസിക്കാൻ കഴിയൂ.

ചവിട്ട്, നിലവിളി, ശ്വാസം പിടിച്ചുള്ള കരച്ചിൽ, നിലത്തു കിടന്ന് ഉരുളൽ എന്നീ മാർഗങ്ങളിലൂടെയുള്ള നിയന്ത്രണാതീത കോപ പ്രകടനത്തെ അടിസ്ഥാനരഹിത കോപപ്രകടനം എന്നു നിർവചിക്കാം. ഒരു കുട്ടിയുടെ പ്രതിഷേധത്തിന്റെയും നിരാശയുടെയും ശാരീരിക പ്രകടനമായി ഇതിനെ കരുതാവുന്നതാണ്. അടിസ്ഥാനരഹിത കോപപ്രകടനത്തിന്റെ ഇതര വ്യവഹാര മാതൃകകളാണ് നാണം കാട്ടൽ, മുഖം വീർപ്പിക്കൽ, ശുണ്ഠി കാട്ടൽ എന്നിവ.

2 മുതൽ 4 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ അടിസ്ഥാനരഹിത കോപപ്രകടനം സാധാരണമാണ്. വൈകാരികഭാവങ്ങളുടെ വികാസം ഏറ്റവും ശക്തമായിട്ടുള്ളത് ഈ കാലഘട്ടത്തിലാണ്. എല്ലാ കാര്യങ്ങളും സ്വയം ചെയ്യുവാനുള്ള വെമ്പൽ ഈ കാലഘട്ടത്തിൽ കുട്ടികൾ പ്രകടിപ്പിക്കും. സ്വയം ആഹാരം കഴിക്കുന്നതിനും സ്വയം വസ്ത്രധാരണം ചെയ്യുന്നതിനും ഇഷ്ടപ്പെട്ട സ്ഥലങ്ങളിൽ നടന്നുപോകുന്നതിനുമൊക്കെ ഇവർ താൽപര്യം പ്രകടിപ്പിക്കും. ഭൂമിയിൽ അവർക്ക് ചെയ്യാൻ കഴിയാത്തതായി ഒന്നും ഇല്ലെന്ന ഒരു തോന്നൽ അവരിൽ കാണാം. വളർന്നു മിടുക്കരായി വരാനുള്ള കുട്ടികളുടെ ഈ സ്വാഭാവിക പ്രവണതയെ രക്ഷാകർത്താക്കൾ നിരുത്സാഹപ്പെടുത്തുന്നതായിട്ടാണ് കണ്ടുവരുന്നത്. കുട്ടി കുട്ടിയുടെതായ മാർഗത്തിൽകൂടി ഒരു ജോലി ചെയ്തു തീർക്കുന്നതുവരെ ക്ഷമയോടെ കാത്തു നിൽക്കുവാൻ അവർക്ക് സമയവും സന്ദർഭവും ഉണ്ടായി എന്നു വരില്ല. ഒന്നുകിൽ അവർ കുട്ടികളെ ശകാരിക്കുകയോ അല്ലെങ്കിൽ ഒരു ജോലി എളുപ്പത്തിൽ ചെയ്തു തീർക്കാൻ അവരെ സഹായിക്കുകയോ ചെയ്യും. രക്ഷാകർത്താക്കളുടെ ഇത്തരം പ്രവണത കുട്ടികളിൽ പ്രതിഷേധത്തിനു കാരണമാകുകയും അവർക്കു നിരാശ അനുഭവപ്പെടുകയും ചെയ്യും. ഇതു കോപത്തിലൂടെ അവർ പ്രകടിപ്പിക്കും. ടോയിലറ്റ് ഉപയോഗിക്കുമ്പോഴും ആഹാരം കഴിക്കുമ്പോഴുമൊക്കെ ശിശുക്കൾ കോപപ്രകടനം നടത്തുന്നതിനുള്ള കാരണങ്ങളും ഇവയൊക്കെ തന്നെയാണ്.

**അടിസ്ഥാനരഹിത കോപപ്രകടനത്തിന്റെ കാരണങ്ങൾ**

*1) ശാരീരികമായ അപസാമാന്യതകൾ*

തെറ്റായ വിധത്തിലുള്ള ആഹാരശീലങ്ങൾ, ഉറക്കമില്ലായ്മ, ആവശ്യത്തിനുള്ള വിശ്രമമില്ലായ്മ, മലമൂത്രവിസർജനം വേണ്ടവിധത്തിൽ നടക്കാതിരിക്കുക തുടങ്ങിയ ശാരീരിക കാരണങ്ങളാൽ കുട്ടികൾ കോപപ്രകടനം നടത്താറുണ്ട്. എപ്പിലപ്സി (epilespy), തലയ്ക്ക് ഉണ്ടാകുന്ന ക്ഷതം, അപകടങ്ങൾ, കടുത്ത രോഗങ്ങൾക്കു ശേഷം ആരോഗ്യം വീണ്ടെടുത്തുകൊണ്ടിരിക്കുന്ന അവസ്ഥ തുടങ്ങിയ ശരീര ഘടനാപരമായ തകരാറുകളാലും കുട്ടികൾ കോപപ്രകടനം നടത്താറുണ്ട്. ഇവയൊക്കെ അടിസ്ഥാനരഹിതമായ കോപപ്രകടനങ്ങളുടെ ഉദാഹരണങ്ങളാണ്.

*2) രക്ഷാകർത്താക്കളുടെ അമിത സംരക്ഷണം*

കുട്ടികൾ പൊതുവിൽ ഊർജസ്വലരാണ്. അവർക്ക് സ്വയം പ്രവർത്തിക്കാനും കളിക്കാനുമൊക്കെയുള്ള അവസരങ്ങൾ നിഷേധിച്ചാൽ അസ്വസ്ഥത, ശുണ്ഠി, കോപം തുടങ്ങിയ വിവിധ വികാരങ്ങൾ അവരിൽ ഉടലെടുക്കും. നിസ്സാരകാര്യങ്ങൾക്ക് അമിതമായ തോതിലുള്ള ബഹളം ഉണ്ടാക്കുന്നതും ഇതിന് ഉദാഹരണമാണ്. അമിത സംരക്ഷണം നൽകി വളർത്തുന്ന കുട്ടികളുടെ എന്ത് ആവശ്യവും രക്ഷാകർത്താക്കൾ ഉടൻ സാധിച്ചുകൊടുക്കാറുണ്ട്. കോപപ്രകടനത്തിലൂടെ തന്റെ ചുറ്റുപാടുകളെ കീഴ്പ്പെടുത്താമെന്നും ആവശ്യങ്ങൾ സാധിച്ചുകിട്ടുന്നതിന് രക്ഷാകർത്താക്കളെ വരുതിയിൽ നിർത്താമെന്നും അമിതസംരക്ഷണം ലഭിക്കുന്ന കുട്ടികൾ കാലക്രമത്തിൽ മനസ്സിലാക്കും. ഇതിന്റെ ഫലമായി അകാരണ കോപപ്രകടനം ഇവരിൽ വർധിച്ചുവരും, അതുപോലെതന്നെ രോഗവിമുക്തരായി വരുന്ന കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ അധികം രക്ഷാകർത്താക്കളും പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. രക്ഷാകർത്താക്കളുടെ ഇത്തരം പ്രവണതയും കുട്ടികളിലെ അകാരണ കോപ പ്രകടന സ്വഭാവത്തെ പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്.

*3) മാതൃക അനുകരിക്കൽ*

കുട്ടികളിൽ അനുകരണ സ്വഭാവം വളരെ കൂടുതലാണ്. രക്ഷാകർത്താക്കളുടെ ശുണ്ഠിയും പെട്ടെന്നുണ്ടാകുന്ന പ്രകൃതങ്ങളും കുട്ടികൾ അനുകരിക്കും. കുട്ടികൾ ഇത്തരം സ്വഭാവപ്രകടനം നടത്തുമ്പോൾ മറ്റുള്ളവർ 'അച്ഛന്റെ സ്വഭാവംതന്നെ,' അമ്മയുടെ സ്വഭാവംതന്നെ' എന്നൊക്കെ പറയാറുണ്ടല്ലോ. ഇങ്ങനെ പറയുമ്പോൾ രക്ഷാകർത്താക്കൾ അഭിമാനംകൊള്ളാറുണ്ട്. കുടുംബ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ കഴിയുമല്ലോ എന്നാണ് അവർ ആശ്വസിക്കുന്നത്. ഇതിന്റെയൊക്കെ ഫലമായി രക്ഷാകർത്താക്കളുടെ ആഗ്രഹത്തിനനുസൃതമായി അവരെപ്പോലെ ജീവിക്കാൻ കുട്ടികളും പ്രേരിതരാകും.

*4) വൈകാരിക സുരക്ഷിതത്വമില്ലായ്മ*

മാതാപിതാക്കൾക്ക് തങ്ങളോട് സ്നേഹമില്ലെന്നും അവർ തങ്ങളെ തഴഞ്ഞിരിക്കുകയാണെന്നുമുള്ള തോന്നൽ ചിലപ്പോൾ കുട്ടികളിൽ ഉണ്ടാകാം. ഈ തോന്നലിന് യാഥാർഥ്യമുണ്ടോ എന്നു പരിശോധിക്കുന്നതിനും കുട്ടികൾ അകാരണ കോപപ്രകടനം നടത്തും; ഇത് അവർ ബോധപൂർവം ചെയ്യുന്നതായിരിക്കില്ല. ഇത്തരം അവസ്ഥയിൽ വന്നുപെടുന്ന കുട്ടികൾ 'ആവശ്യമില്ലാതെ ഇങ്ങനെ കോപം ഉണ്ടാകുന്നതുകൊണ്ടു ഞാൻ ചീത്തയാണോ' 'അവർ യഥാർഥത്തിൽ എന്നെ ഉപദ്രവിക്കുകയും നശിപ്പിക്കുകയും ചെയ്യുമോ' എന്നെല്ലാം സ്വയം ചോദിക്കും. ഒരുതരം ഭയം ഇത്തരം കുട്ടികളുടെ അബോധ മനസ്സിൽ മേധാവിത്വം പുലർത്തും. ഈ മാനസികാവസ്ഥ പുലർത്തുന്ന കുട്ടികളെ രക്ഷാകർത്താക്കൾ ഉപദ്രവിക്കുകയോ വല്ല ശിക്ഷയും നൽകുകയോ ചെയ്താൽ അവരുടെ സംശയം ദൃഢീകരിക്കുകയും മാതാപിതാക്കൾക്ക് തങ്ങളോട് ഇഷ്ടമില്ലെന്നും അവർ തങ്ങളെ നശിപ്പിക്കുമെന്നും ഇവർ ഉറച്ച് വിശ്വസിക്കുകയും ചെയ്യും. ഇത്തരം വിശ്വാസം വൈകാരിക സുരക്ഷിതത്വമില്ലായ്മയ്ക്കു കാരണമാകും. മാതാപിതാക്കളിലുള്ള വിശ്വാസം പരീക്ഷിക്കുന്നതിനായി കുട്ടികൾ അകാരണ കോപപ്രകടനം നടത്തുന്നതുമൂലമാണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ■

**കുട്ടികൾ പൊതുവിൽ ഊർജസ്വലരാണ്. അവർക്ക് സ്വയം പ്രവർത്തിക്കാനും കളിക്കാനുമൊക്കെയുള്ള അവസരങ്ങൾ നിഷേധിച്ചാൽ അസ്വസ്ഥത, ശുണ്ഠി, കോപം തുടങ്ങിയ വിവിധ വികാരങ്ങൾ അവരിൽ ഉടലെടുക്കും. നിസ്സാരകാര്യങ്ങൾക്ക് അമിതമായ തോതിലുള്ള ബഹളം ഉണ്ടാക്കുന്നതും ഇതിന് ഉദാഹരണമാണ്. അമിത സംരക്ഷണം നൽകി വളർത്തുന്ന കുട്ടികളുടെ എന്ത് ആവശ്യവും രക്ഷാകർത്താക്കൾ ഉടൻ സാധിച്ചുകൊടുക്കാറുണ്ട്. കോപപ്രകടനത്തിലൂടെ തന്റെ ചുറ്റുപാടുകളെ കീഴ്പ്പെടുത്താമെന്നും ആവശ്യങ്ങൾ സാധിച്ചുകിട്ടുന്നതിന് രക്ഷാകത്താക്കളെ വരുതിയിൽ നിർത്താമെന്നും അമിതസംരക്ഷണം ലഭിക്കുന്ന കുട്ടികൾ കാലക്രമത്തിൽ മനസ്സിലാക്കും. ഇതിന്റെ ഫലമായി അകാരണ കോപപ്രകടനം ഇവരിൽ വർധിച്ചുവരും, അതുപോലെതന്നെ രോഗവിമുക്തരായി വരുന്ന കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ അധികം രക്ഷാകർത്താക്കളും പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. രക്ഷാകർത്താക്കളുടെ ഇത്തരം പ്രവണതയും കുട്ടികളിലെ അകാരണ കോപ പ്രകടന സ്വഭാവത്തെ പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്.**

# പ്രവാസിയുടെ പ്രയാസങ്ങൾ

ദസ്തഗീർ ടി.കെ പാലക്കാഴി



ഗൾഫിൽ മധ്യവേനലവധിക്ക് സ്കൂളുകൾ അടക്കുമ്പോൾ നാട്ടിലേക്ക് പോകാനുള്ള തിരക്കിലായിരിക്കും പലരും. മുൻകൂട്ടിയെടുത്ത് ഭദ്രമായി സൂക്ഷിച്ചുവെച്ച വിമാന ടിക്കറ്റ് ഒന്നുകൂടി എടുത്ത് ദിവസവും സമയവും നോക്കിവെക്കും. ഈ വർഷം കാര്യമായൊന്നും വാങ്ങുന്നില്ല. എത്ര വാങ്ങിയാലും വീതിച്ചുനൽകുമ്പോൾ ആർക്കും കാര്യമായൊന്നും ലഭിക്കില്ല. പിന്നെ വെറുതെ ടിക്കറ്റിൽ കൂടെ കൊണ്ടുപോകാൻ അനുവദിച്ച ലഗേജിലും കൂടുതൽ വാങ്ങി വെറുതെ പണം അടക്കേണ്ടല്ലോ. വേനലവധി സീസണിൽ ടിക്കറ്റിന് പൊള്ളുന്ന ചാർജാണ്. തിരക്കുള്ള സമയമായതിനാൽ പരമാവധി യാത്രികരെ ചൂഷണം ചെയ്യുന്ന ഏർപ്പാടാണത്.

എങ്ങനെയൊക്കെയാണെങ്കിലും അനുവദിച്ച ലഗേജ് എത്രയാണെന്ന് അറിവുണ്ടെങ്കിലും രണ്ടു കിലോയെങ്കിലും കൂടുതൽ തൂക്കത്തിൽ പെട്ടി കെട്ടുകയെന്നത് മലയാളികളുടെ പ്രത്യേകതയാണ്.

റമദാൻ മാസത്തിൽ ഉംറ ചെയ്താൽ ഹജ്ജു ചെയ്തത്ര പുണ്യമാണ്, മാത്രമല്ല നാട്ടിലേക്ക് പോകാൻ നേരത്ത് ഒരു ഉംറ ചെയ്യുകയെന്നാൽ അതൊരു വിടപറച്ചിൽ കൂടിയാണ്. കാരണം ഇനി മടങ്ങി വന്ന് ഒന്നുകൂടി നിർവഹിക്കാൻ കഴിയുമോയെന്ന് ഉറപ്പില്ലല്ലോ.

ഉംറ കഴിഞ്ഞ് തിരികെ പോരാൻ വാഹനം കാത്തുനിൽക്കുമ്പോൾ ഒരു മലപ്പുറത്തുകാരനെ പരിചയപ്പെട്ടു. അദ്ദേഹത്തിന് ഏകദേശം അറുപത് വയസ്സ് കാണും. ഞങ്ങൾ സംസാരം തുടങ്ങി:

"എത്ര കൊടുക്കേണ്ടി വരും" (ജിദ്ദയിലേക്ക് തിരിച്ചു പോകാൻ).

"ഇരുപതോ ഇരുപത്തഞ്ചോ (റിയാൽ) കൊടുക്കേണ്ടി വരും."

"ഞാനിങ്ങോട്ട് പതിനഞ്ചാണ് കൊടുത്തത്."

"ഞാനും."

പത്ത് മിനുട്ട് കഴിഞ്ഞപ്പോഴേക്കും വാഹനം കിട്ടി. ഞാൻ ചോദിച്ചു:

"ജിദ്ദ കം?" (ജിദ്ദയിലേക്ക് എത്രയാണ്?).

"തലാത്തീൻ" (മുപ്പത്).

"ഫീ നഫറൈൻ കം?" (രണ്ടു പേരുണ്ട് എത്രയാ?).

"യാ അഖീ സിത്തീൻ" (സഹോദരാ, അറുപത്).

വില പേശലിനൊടുവിൽ നാൽപത് റിയാലിന് സമ്മതിച്ചു. ഞങ്ങൾ ഇരുവരും അതിൽ കയറി. അദ്ദേഹം സംസാരത്തിന്റെ കെട്ടഴിക്കുവാൻ തുടങ്ങി. തന്റെ ഗൾഫ് അനുഭവങ്ങൾ ജിദ്ദയിലെത്തുംവരെ വിവരിച്ചു. കഥ കേൾക്കുന്നതിൽ താൽപര്യമുള്ളതിനാൽ ഒരു മടുപ്പും തോന്നിയില്ല. ആ വാഹനത്തിൽ മലയാളികളായി ഞങ്ങൾ മാത്രമാണുണ്ടായിരുന്നത്. മലപ്പുറത്തെ ഒരു ഉൾനാടൻ ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചുവളർന്നത്. മുപ്പത്തിയഞ്ച് വർഷമായി ജിദ്ദയിൽ ജോലി ചെയ്യുകയാണ്. തുടക്കത്തിൽ മൂന്നു തവണയായി പത്തു വർഷത്തോളം ഉംറ വിസയിലെത്തി ജോലി ചെയ്തു. പിന്നീട് ലഭിച്ച വിസയിൽ പല സ്ഥാപനങ്ങളിലും ജോലി ചെയ്തു. നാട്ടിൽ പത്തു

ഷിച്ചു. കിട്ടിയതൊന്നും എന്റെ ആരോഗ്യത്തിനനുസരിച്ച് എടുക്കാൻ കഴിയുന്നതായിരുന്നില്ല. ഒടുവിൽ നിവൃത്തിയില്ലാതെ നാട്ടിലേക്ക് പോകാൻതന്നെ തീരുമാനിച്ചു, വീട്ടുകാർക്കെങ്കിലും സന്തോഷമാകുമല്ലോ. വീട്ടിലേക്ക് വിളിക്കാൻ തുടങ്ങി. ആദ്യം കിട്ടിയത് പെൺമക്കളെയാണ്.

'അപ്പോഴിനി ഉപ്പ കൊണ്ടുവന്നിരുന്ന സാധനങ്ങളൊന്നും കിട്ടില്ല അല്ലേ' എന്നതായിരുന്നു അവരുടെ സങ്കടത്തോടെയുള്ള ചോദ്യം!

എന്റെ മനസ്സൊന്നു പിടഞ്ഞു. എപ്പോഴും 'കിട്ടുന്ന'തിന്റെ പ്രതീക്ഷയിലാണവർ. പിന്നീടാണ് ഭാര്യയാണ് ഫോൺ എടുത്തത്. അവളോടും കാര്യം പറഞ്ഞു.

'ഞാനെപ്പോഴും നിങ്ങളോട് പറയുന്നതല്ലേ നിറുത്തിപ്പോരാൻ. ഇപ്പോൾ നമ്മുടെ മകൻ എവിടെയും എത്തിയിട്ടില്ല. പഠിപ്പ് കഴിഞ്ഞ് ഒരു ജോലിയാവാൻ ഇനിയും വർഷങ്ങളെടുക്കും. ഏതായാലും ഇനി അധികകാലമൊന്നുമില്ലല്ലോ (എന്റെ ആയുസ്സിന്റ പരിധി വീട്ടുകാർ നിശ്ചയിച്ചിരിക്കുന്നുവെന്ന് അർഥം!) കുട്ടികളുടെ സന്തോഷം കളഞ്ഞിട്ട് ഇനി ഇവിടെ വന്നുനിന്നിട്ട് എന്താ കാര്യം? എന്തെങ്കിലും പണി കണ്ടെത്തി അവിടെത്തന്നെ നിൽക്കാൻ നോക്കിക്കൂടേ?' എന്നാണ് അവൾക്ക് പറയുവാനുണ്ടായിരുന്നത്. അതെന്നെ ശരിക്കും തളർത്തിക്കളഞ്ഞു."

സംസാരം ഇവിടെയെത്തിയപ്പോൾ അദ്ദേഹം ശബ്ദം താഴ്ത്തി കരയുന്നുണ്ടായിരുന്നു. അദേഹത്തെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ ഞാനും വിഷമത്തിലായി.

വരുമാനം ലഭിക്കില്ലെന്നായാൽ സ്വന്തം കുടുംബത്തിന് പോലും (എല്ലാ കുടുംബങ്ങളും ഇങ്ങനെയാണെന്നല്ല പറയുന്നത്) താൻ നാട്ടിൽ വരുന്നത് സന്തോഷമില്ലാത്ത കാര്യമാണെന്ന് എന്നാണ് പ്രവാസീ നിനക്ക് മനസ്സിലാവുക? ■

കുബ്ബൂസ് കറിയിലോ കട്ടൻചായയിലോ മുക്കിത്തിന്നാണ് പ്രാതൽ കഴിച്ചെന്ന് വരുത്തുന്നത്. കമ്പനി വക നൽകിയ അക്കമഡേഷനിലെ ഇരുനിലകട്ടിലും അതിൽ താഴെ കിടക്കുന്നവൻ അറിയാതെ അതിസാഹസികമായുള്ള കയറ്റവും ഇറക്കവും... ഇതൊന്നും വീട്ടുകാർക്ക് പറഞ്ഞാൽ മനസ്സിലാകില്ല. എത്ര കൊല്ലമായി ഗൾഫിൽ പോയി സമ്പാദിക്കുന്നു, വീട് ഒന്ന് വലുതാക്കിയാൽ അതുകൊണ്ടുള്ള ഗുണം നിങ്ങൾക്കും മക്കൾക്കും തന്നെയല്ലേ എന്ന് കുടുംബക്കാരും അയൽക്കാരുമൊക്കെ ചോദിക്കുമ്പോൾ എന്ത് ഉത്തരം പറയാൻ!

ഒടുവിൽ എല്ലാരുടെയും നിർബന്ധത്തിനു വഴങ്ങി മുകളിൽ രണ്ടു റൂമും ഒരു ഹാളുമെടുത്തു. അങ്ങനെ വീണ്ടും കടക്കാരനായി. ഇടക്കൊക്കെ ഭാര്യ പറയും; ഗൾഫ് നിർത്തിപ്പോരണമെന്നും നമുക്ക് എങ്ങനെയെങ്കിലുമൊക്കെ കഴിയാമെന്നും. പക്ഷേ, നിറുത്തണമെങ്കിൽ കടം വീടേണ്ടേ? ഒന്ന് കഴിയുമ്പോഴേക്കും മറ്റൊന്ന്; അങ്ങനെ ആയുസ്സ് തീർന്നുകൊണ്ടിരിക്കുകയല്ലേ? ഏതായാലും ചെറിയ സംഖ്യ മാത്രമെ ഇനി കടം വീട്ടാനുള്ളൂ. അതുംകൂടി വീട്ടിയിട്ട് വേണം നാട്ടിലേക്ക് മടങ്ങാൻ എന്ന് വിചാരിച്ചിരിക്കുമ്പോഴാണ് കമ്പനി സാമ്പത്തിക പ്രശ്നത്തിൽ അകപ്പെട്ട് ജീവനക്കാരെ പിരിച്ചുവിടൽ ആരംഭിച്ചത്. ആദ്യം അറുപത് വയസ്സ് കഴിഞ്ഞവരെയാണ് പിരിച്ചുവിടാൻ തുടങ്ങിയത്. അതിൽ ആദ്യത്തെ ലിസ്റ്റിൽ തന്നെ ഞാനുണ്ടായിരുന്നു.

നാട്ടിൽ പോകണമെങ്കിൽ പോകാം. പക്ഷേ, ആനുകൂല്യങ്ങളൊന്നും നൽകാൻ കമ്പനിക്ക് കഴിയില്ല. അല്ലെങ്കിൽ വേറെ എവിടേക്കെങ്കിലും വിസ മാറ്റാം. അതിന് റിലീസ് തരാം എന്നെല്ലാം കമ്പനി അറിയിച്ചു. പക്ഷേ, എനിക്കിനി ആര് പണി തരാൻ? തന്നാൽ തന്നെ എന്തു പണിയെടുക്കും? എന്നാലും പണി അന്വേ

സെന്റ് സ്ഥലം വാങ്ങി. ചെറിയ ഒരു വീടു വെച്ചു. മൂന്ന് പെൺമക്കളെ നല്ലനിലയിൽ കെട്ടിച്ചയച്ചു. ഇളയതാണ് ആൺകുട്ടി. അവൻ ഡിഗ്രിക്ക് പഠിക്കുന്നു.

ഞാൻ ചോദിച്ചു: "മുപ്പത്തിയഞ്ച് വർഷമായില്ലേ ഇവിടെ? അവസാനിപ്പിക്കാനായില്ലേ? നാട്ടിൽ വരുമാനമാർഗം വല്ലതും ഉണ്ടാക്കിയിട്ടുണ്ടോ?"

ചെറുതായൊന്ന് ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

"വരുമാനമോ? എന്തു വരുമാനം! പത്തുസെന്റ് സ്ഥലവും വലിയ ഒരു വീടും. അതിൽ നിന്ന് എന്തു വരുമാനം?"

"അപ്പോൾ മുപ്പത്തിയഞ്ച് കൊല്ലം ഗൾഫിൽ കഷ്ടപ്പെട്ടിട്ട്...?"

"ഞങ്ങൾക്ക് തറവാട്ടിൽ കൂടുതൽ സ്ഥലമൊന്നുമില്ല. എനിക്ക് മൂന്ന് അനുജൻമാരുണ്ട്. ഉള്ള സ്ഥലത്ത് ഞെരുങ്ങിക്കൂടുങ്ങിയാണവർ വീടുവെച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ വീടുവയ്ക്കാൻ സ്ഥലം വാങ്ങാൻ തീരുമാനിച്ചത്. അങ്ങനെയാണ് ഉള്ള പൈസയും വലിയ ഒരു സംഖ്യ ലോണും എടുത്ത് പത്ത് സെന്റ് സ്ഥലം വാങ്ങിയത്. അതിന്റെ അടവു തീരാൻ എട്ടുവർഷത്തോളമെടുത്തു. എത്ര പൈസ അടച്ചാലും പലിശയിനത്തിലേക്ക് കൂടുതലും മുതലിലേക്ക് ചെറിയ ഒരു സംഖ്യയുമായിരിക്കും എത്തിയിരിക്കുക. പിന്നെ വീടു വെക്കാൻ ലോണെടുത്തു. അത് തീരുന്നതിനു മുമ്പ് വലിയ മകൾക്ക് വിവാഹപ്രായമായി. അവളുടെ വിവാഹം...പിന്നെ താഴെയുള്ളവരുടെ വിവാഹം, സൽക്കാരം, പ്രസവം... പിന്നെ അവർക്കൊക്കെ വീടുണ്ടാക്കുവാനുള്ള സഹായം... ഇതെല്ലാം കഴിഞ്ഞ് നടുനിവർത്തി വരുമ്പോഴാണ് വീട്ടുകാരും ബന്ധുക്കളും പറയുന്നത്; വീടിന് സ്ഥലസൗകര്യമില്ല. എല്ലാവരും ഒരുമിച്ച് കൂടുമ്പോൾ കിടക്കാൻ സ്ഥലമില്ല, അതുകൊണ്ട് ഒരു നിലകൂടി ഉണ്ടാക്കണമെന്ന്!

നമ്മളിവിടെ തലേദിവസത്തെ



# ലഹരി: വേണം വേരറുക്കുന്ന ഇടപെടൽ

ടി.കെ അശ്റഫ്
: 81118 07199

കേരളത്തിൽ വർധിച്ചുവരുന്ന ലഹരി വിപത്തിനെതിരെ ഭരണ-പ്രതിപക്ഷ ഐക്യത്തോടെ ഒരു സമര മുന്നണിതന്നെ തുറന്നിരിക്കുകയാണ്. മയക്കുമരുന്നിനെതിരെ സമൂഹത്തിലെ എല്ലാവിഭാഗം ആളുകളുടെയും പങ്കാളിത്തത്തോടെ ഒരു മാസം നീളുന്ന പ്രചാരണ പരിപാടിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

ഇതിന്റെ ഉദ്ഘാടന വേളയിൽ മുഖ്യമന്ത്രി പറഞ്ഞതുപോലെ ലഹരിക്കെതിരെ ജീവൻ മരണ പോരാട്ടം തന്നെയാണ് വർത്തമാനകാലം ആവശ്യപ്പെടുന്നത്. ഇക്കാര്യത്തിൽ എല്ലാവരുടെയും പിന്തുണയുണ്ടാകണം. രാഷ്ട്രീയ, മത, സാമൂഹിക പ്രസ്ഥാനങ്ങളും സന്നദ്ധസംഘടനകളും പല ഘട്ടങ്ങളിലായി നടത്തിവരുന്നതാണ് ലഹരിക്കെതിരെയുള്ള ബോധവൽക്കരണം. സർക്കാർ സംവിധാനങ്ങൾകൂടി ഇതിന് മുൻകൈയെടുക്കുമ്പോൾ സർവതലങ്ങളെയും യോജിപ്പിച്ച് ലഹരിയെ പിടിച്ചുകെട്ടാൻ ഒരു പരിധിവരെ നമുക്ക് സാധിച്ചേക്കും.

എന്നാൽ പൂർണമായി ലക്ഷ്യം കാണണമെങ്കിൽ ഈ പോരാട്ടത്തിൽ ആത്മാർഥത കൈവിടാതിരിക്കണം. രഹസ്യമായി ലഹരി ഉപയോഗിക്കുന്നവർ സമരമുഖത്ത് പരസ്യമായി പ്രത്യക്ഷപ്പെട്ടതുകൊണ്ട് വലിയ പ്രയോജനമില്ല. സർക്കാറിന്റെ ‘മദ്യവർജനം’ എന്ന നയത്തിൽനിന്ന് മാറി വ്യാജനെന്നോ ഒറിജിനലെന്നോ ഭേദമില്ലാതെ മദ്യം മുഴുവനായും ‘നിരോധിക്കുക’ എന്ന നിലപാട് സ്വീകരിക്കണം.

ഒരു ഭാഗത്ത് സിന്തറ്റിക് ലഹരിക്കെതിരെ വല വിരിക്കുകയും മറുഭാഗത്ത് മദ്യശാലകൾ ഉദാരമായി അനുവദിക്കുകയും ചെയ്യുന്നത് വിരോധാഭാസമാണ്. മദ്യത്തിനെതിരെ രംഗത്തിറങ്ങുന്ന വിദ്യാർഥി സംഘടനകൾ തന്നെ, സ്വതന്ത്ര ചിന്തക്ക് തിരികൊളുത്തി തോന്നിയതുപോലെ ജീവിക്കാനുള്ള വഴിവെട്ടിക്കൊടുക്കുന്നത് അവസാനിപ്പിക്കണം.

ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച് ലഹരി ഉപയോഗിക്കുന്ന ചിത്രങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവച്ച് അതിൽ അഭിരമിക്കുകയും ശേഷം പെൺകുട്ടികളിൽ ലഹരി വ്യാപിക്കുന്നതിൽ സങ്കടപ്പെടുകയും ചെയ്യുന്നതിൽ എന്ത് അർഥമാണുള്ളത്?

ലഹരി ഉപയോഗിക്കാനായി കൃത്രിമാഘോഷങ്ങളും ഡിജെ പാർട്ടികളും വിനോദയാത്രകളും യഥേഷ്ടം സംഘടിപ്പിക്കുകയും പിന്നീട് മയക്കുമരുന്ന് വ്യാപനത്തിന്റെ തോത് വർധിക്കുന്നുവെന്ന് ആശങ്കപ്പെടുകയും ചെയ്യുന്നതിൽ എന്ത് ആത്മാർത്ഥതയാണുള്ളത്?

സോഷ്യൽ ഡ്രിങ്കിങ് എന്ന ഓമനപ്പേരിട്ട് ഒരു ഭാഗത്ത് മദ്യത്തിന് മാന്യതയുടെ പരിവേഷം നൽകുകയും മറുഭാഗത്ത് അതിന്റെ കെടുതികളിൽ പരിഭവിക്കുകയും ചെയ്യുന്നതിൽ എന്ത് സത്യസന്ധതയാണുള്ളത്? കോടിക്കണക്കിന് രൂപയുടെ ഹെറോയിൻ കടൽവഴി കൊണ്ടുവരുന്ന വൻകുറ്റവാളികളെ കണ്ടില്ലെന്ന് നടിക്കുകയും ചെറുകിട വിൽപനക്കാരെ മാത്രം തുറുങ്കിലടക്കുകയും ചെയ്യുമ്പോൾ എങ്ങനെയാണ് ലഹരിയുടെ വേരറുക്കാൻ സാധിക്കുക? മദ്യവരുമാനത്തിന്റേയും തൊഴിലാളി പ്രശ്നത്തിന്റെയും പേരു പറഞ്ഞ് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും മദ്യത്തിന്റെ കെടുതി കാരണമുള്ള നഷ്ടത്തിന്റെ കണക്കെടുക്കാതിരിക്കുകയും ചെയ്യുന്നത് ശരിയായ നിലപാടാണോ?

വീടുകളിലും ഗ്രന്ഥശാലകളിലും വ്യാപാര സ്ഥാപനങ്ങളിലും ‘ലഹരിവിരുദ്ധ ദീപം’ തെളിക്കാനുള്ള ആഹ്വാനം ചെയ്ത സർക്കാർ; എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും മദ്യം അടക്കമുള്ള ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന ആരും ഇല്ലാതിരിക്കാനാണ് ആഹ്വാനം ചെയ്യേണ്ടത്. ■




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 OCTOBER 29

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

വില: ₹280+₹360+₹420=₹1060
പ്രീ ബുക്ക് ചെയ്യുന്നവർക്ക്: ₹860

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹ കനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോ ടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടി യുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനു ഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുത പ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽ കൂട്ടാണെന്നതിൽ സംശയമില്ല.

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

മൂന്ന് വാല്യങ്ങൾ




# വഹാബി നവോത്ഥാനം
## വിമർശകരും വസ്തുതകളും
**ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478